JUNE 2022
Volume 54
Issue 9

36 വികസന വഴിയിലെ നാഴികക്കല്ല്

45 അഞ്ച് ഏകയന്ത്ര സംരംഭങ്ങൾ

സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം

വ്യവസായകേരളം
VYAVASAYA KERALAM

വ്യത്യസ്തമായ മാർക്കറ്റിംഗിന് ശക്തമായ 7 തന്ത്രങ്ങൾ

വൈദ്യുതി വാഹനങ്ങൾ അരങ്ങ് വാഴുന്ന വരും കാലം

impex

This TV can do a lot!

GRANDE Series

Available in 43"& 32"

Google
Certified Android TV

Google Play
Google Assistant
NETFLIX
YouTube
Chromecast Built-in
Dolby AUDIO
dts-HD

Loved By 30 Million+ Happy Customers Worldwide Since 1999!

HOME ENTERTAINMENT
KITCHEN APPLIANCES
HOUSEHOLD APPLIANCES
PERSONAL APPLIANCES

Customer Care: 1800 4259 444
impexappliances.com

ഉള്ളടക്കം

Vyavasaya Keralam
വ്യവസായകേരളം
www.keralaindustry.org

ജൂൺ 2022
June 2022

പുസ്തകം 54 ലക്കം 9
Volume 54 Issue 9

06 അനന്തസാധ്യതകളുടെ അത്ഭുത സ്രോതസ്സ്
എഴുമാവിൽ രവീന്ദ്രനാഥ്

10 വൈദ്യുതി വാഹനങ്ങൾ അരങ്ങ് വാഴുന്ന വരും കാലം
ലോറൻസ് മാത്യു

18 ജി.എസ്.ടി. ഐഡന്റിഫിക്കേഷൻ നമ്പർ
ഡോ.ശചീന്ദ്രൻ.വി

24 വ്യത്യസ്തമായ മാർക്കറ്റിംഗിന് ശക്തമായ 7 തന്ത്രങ്ങൾ
ഡോ. സുധീർ ബാബു

30 ഒരു ലക്ഷം സംരംഭങ്ങൾ; ഉദാരമാക്കി സ്വകാര്യ എസ്റ്റേറ്റ് അനുമതിയും
റ്റി. എസ്. ചന്ദ്രൻ

36 വികസന വഴിയിലെ നാഴികക്കല്ല്
ഇ. കെ. രവീന്ദ്രനാഥൻ നായർ

40 പാപ്സ്കോ എൽ ഇ ഡി സൊലൂഷൻസ് – സഹകരണ സംഘത്തിന്റെ വിജയഗാഥ
ബിനോയ് ജോർജ് പി

45 അഞ്ച് ഏകയന്ത്ര സംരംഭങ്ങൾ
ഡോ. ബൈജു നെടുങ്കേരി

50 ബഹുനില വ്യവസായ സമുച്ചയം തുറന്നു

വ്യവസായകേരളം

ചീഫ് എഡിറ്റർ
ശ്രീ. ഹരികിഷോർ ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

എഡിറ്റർ
ബൈജു ആർ.എസ്.

കവർ, ഡിസൈൻ & ലേഔട്ട്
ദീപക് മൗത്താട്ടിൽ

ടൈപ്പ് സെറ്റിംഗ്
വി. അഭിലാഷ്

എഡിറ്റോറിയൽ ഓഫീസ്
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം - 695 033

ഫോൺ: 6238302158
ഇമെയിൽ-
vyavasayakeralam@gmail.com
വെബ്സൈറ്റ്-
www.keralaindustry.org
www.industry.kerala.gov.in

പ്രതിനിധികൾ-
- **തിരുവനന്തപുരം** : എൻ.സി. അനിൽകുമാർ
- **കൊല്ലം** : റഹുമത്ത് ആർ.
- **പത്തനംതിട്ട**: ജി. ഷാജി
- **ആലപ്പുഴ** : സുരേഷ്ബാബു ആർ.
- **കോട്ടയം** : ലോറൻസ് മാത്യു
- **ഇടുക്കി** : മനു വിശ്വനാഥ്
- **എറണാകുളം** : കെ.പി. അജിത്കുമാർ
- **തൃശൂർ** : റഹുമത്തലി എ.കെ.
- **പാലക്കാട്** : തോമസ് ചാക്കോ
- **മലപ്പുറം** : കാഞ്ചന എം.
- **കോഴിക്കോട്** : കെ. രാധാകൃഷ്ണൻ
- **വയനാട്** : അനിൽകുമാർ
- **കണ്ണൂർ** : മനോജ് പി.കെ.
- **കാസർഗോഡ്** : രാധാകൃഷ്ണൻ നായർ

അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്
ലിപിൻ റോയി എൽ.ഡി.
സിന്ധു എസ്.,
ക്ലാരമ്മ ജെയിംസ്,
അനിത എസ്.,
സംസം എസ്.,
ജെഫേഴ്സൺ സെബാസ്റ്റ്യൻ
ബേബി. വൈ.
രാമകൃഷ്ണൻ എഴുത്തച്ഛൻ

ലേഖകരുടെ അഭിപ്രായങ്ങൾ
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമാണ്.

മുഖക്കുറിപ്പ്

ശ്രീ. ഹരികിഷോർ ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

വ്യാപാർ 2022

സാക്ഷരതയിൽ മാത്രമല്ല, സംരംഭകത്വത്തിലും മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണു വ്യവസായ വാണിജ്യ വകുപ്പ് ഇവിടെ പ്രവർത്തിച്ചു വരുന്നത്. നവീന സംരംഭങ്ങളെ തുറന്ന മനസ്സോടെ സ്വീകരിയ്ക്കുകയും അവയ്ക്ക് എല്ലാവിധ സഹായങ്ങളും നൽകുകയും ചെയ്യുക എന്ന നയമാണ് നാമിവിടെ പിൻതുടർന്ന് വരുന്നത്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സംരംഭക സഹായ പദ്ധതി പ്രകാരം നാൽപതു ലക്ഷം രൂപ വരെ ഇപ്പോൾ സബ്സിഡിയായി നൽകുന്ന പദ്ധതിയും ഇവിടെ ആവിഷ്കരിച്ചു കഴിഞ്ഞു. പിന്നോക്ക ജില്ലകൾക്കും വനിതാ, യുവജന സംരംഭകർക്കും എസ്. സി, എസ്. ടി വിഭാഗത്തിനും സബ്സിഡിയുടെ കാര്യത്തിൽ പ്രത്യേകം പരിഗണന നൽകുന്നുണ്ട്. എല്ലാ സംരംഭകരും പ്രധാനമായി ആശങ്കപ്പെടുന്നത് വിപണനം സംബന്ധിച്ച കാര്യങ്ങളിലാണ്. തങ്ങളുടെ ഉത്പന്നങ്ങൾക്ക് ആവശ്യക്കാരുണ്ടെങ്കിലും അവ അവരിലേയ്ക്കു യഥാസമയം എത്തിയ്ക്കുവാനൊരു മാധ്യമം കണ്ടെത്തുകയാണത്രേ ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യം. വിപണനത്തിന്റെ മുഖ്യധാരയിലെത്തിയാൽപ്പിന്നെ ഉല്പന്നങ്ങൾ സുഗമമായി ഒഴുകിക്കൊള്ളും. ഇതനുസരിച്ച് ഉല്പാദനവും സുഗമമാകും.

ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്കുള്ള പരിഹാരമായാണ് വ്യാപാർ 2022 എന്ന അന്തർദ്ദേശീയ പ്ലാറ്റ്ഫോമിന് വ്യവസായ വാണിജ്യ വകുപ്പ് വേദിയൊരുക്കിയത്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിപണന സ്ഥാപനങ്ങൾ വിദേശത്തുള്ള വിപണന കേന്ദ്രങ്ങളുടെ പ്രതിനിധികൾ ഇവരെ നമ്മുടെ സംസ്ഥാനത്തു പ്രവർത്തിച്ചു വരുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുമായി പരിചയപ്പെടുത്തുക. അതിലൂടെ പുതിയ വിപണന സാധ്യതകളുടെ വാതായനങ്ങൾ തുറക്കുക എന്നതായിരുന്നു നാം ലക്ഷ്യമിട്ടത്. മുന്നൂറോളം സംരംഭകരാണ് വ്യത്യസ്ത ഉല്പന്നങ്ങളുമായി എറണാകുളത്ത് കലൂരിലെ ജവഹർലാൽ നെഹ്റു ഇന്റർ നാഷണൽ സ്റ്റേഡിയത്തിൽ അണിനിരന്നത്. കയർ, കൈത്തറി, കരകൗശല ഉല്പന്നങ്ങൾ, വ്യത്യസ്തമായ ഭക്ഷ്യോൽപന്നങ്ങൾ, റബ്ബർ ഉല്പന്നങ്ങൾ, ആയുർവേദ ഉൽപന്നങ്ങൾ തുടങ്ങി സന്ദർശകരെ ആകർഷിക്കാൻ പോരുന്ന വിഭവ വൈവിധ്യമായിരുന്നു ഈ ബിസിനസ് മീറ്റിന്റെ സവിശേഷത. സംരംഭകരിൽ ആവേശമുണർത്തുന്ന ഒന്നായി ഈ മഹാമേള മാറി എന്നറിയുന്നതിൽ ഏറെ സന്തോഷമുണ്ട്. സംതൃപ്തരായ സംരംഭകർ എന്ന ലക്ഷ്യവുമായി സംരംഭകർക്കൊപ്പം നിലകൊള്ളുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. മേളയെ ചൈതന്യവത്താക്കിയ ഏവർക്കും നന്ദി. ■

ഒപ്പ്
ചീഫ് എഡിറ്റർ

ശ്രീ. പി. രാജീവ്
വ്യവസായം, വാണിജ്യം,
നിയമം, കയർ വകുപ്പ് മന്ത്രി

വ്യവസായ മേഖലയിൽ വൻ മുന്നേറ്റവുമായി വ്യവസായ വകുപ്പ്

സംസ്ഥാന സർക്കാർ അധികാരത്തിൽ വന്ന് ഒരു വർഷം തികയുന്ന വേളയിൽ തികഞ്ഞ ആത്മവിശ്വാസത്തോടെ പുതിയ പടവുകൾ കയറുകയാണ് വ്യവസായവകുപ്പ്. ഈ കാലയളവിൽ കേരളത്തിലെ വ്യവസായ മേഖലയ്ക്ക് പുത്തനുണർവ്വ് നൽകുന്ന നിരവധി പദ്ധതികൾക്ക് തുടക്കമിടാനും വലിയ നിക്ഷേപങ്ങളെ ആകർഷിക്കാനും സാധിച്ചിട്ടുണ്ട്. മീറ്റ് ദി മിനിസ്റ്റർ, മീറ്റ് ദി ഇൻവസ്റ്റർ പോലെ നവീനമായ മാതൃകകൾ നടപ്പിലാക്കി നിക്ഷേപകലോകത്തിന്റെ വിശ്വാസം നേടിയെടുക്കാൻ സാധിച്ചതും നിയമങ്ങളിലൂടെ നിക്ഷേപകർക്കനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിച്ചതും കേരളത്തെക്കുറിച്ചുള്ള പല മുൻധാരണകൾ മാറുന്നതിനും നിക്ഷേപങ്ങൾ നടന്നു വരുന്നതിനും സഹായകമായി.

പൊതു മേഖലയിലും കാതലായ മാറ്റങ്ങൾ നടപ്പിലാക്കാൻ ഈ ഒരു വർഷക്കാലയളവിൽ ശ്രമിച്ചിരുന്നു. ഇതിന് ഫലമുണ്ടായെന്നാണ് കാണുന്നത്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്തെ 41 പൊതുമേഖലാസ്ഥാപനങ്ങളിൽ 21 എണ്ണവും ലാഭകരമാക്കാൻ സാധിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 245.6% വർധനവ് ഈ സ്ഥാപനങ്ങളിലെ പ്രവർത്തനലാഭത്തിൽ ഉണ്ടായി. എല്ലാ സ്ഥാപനങ്ങളും ആധുനീകരിക്കാനും വൈവിധ്യവൽക്കരിക്കാനും മാസ്റ്റർപ്ലാൻ തയ്യാറാക്കി. അടുത്ത ഒരു വർഷത്തിനകം 30 സ്ഥാപനങ്ങൾ ലാഭകരമാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനൊപ്പം പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളുടെ നടത്തിപ്പിൽ കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരാനുള്ള ശ്രമങ്ങളും സർക്കാരിന്റെ ഭാഗത്തു നിന്ന് ആരംഭിച്ചിട്ടുണ്ട്.

രാജ്യത്തിനാകെ മാതൃകയാകുന്ന മറ്റൊരു പദ്ധതിയായിരിക്കും സംരംഭകവർഷം. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന പദ്ധതി മാർച്ച് 30 നു മുഖ്യമന്ത്രി പിണറായിവിജയൻ ഉദ്ഘാടനം ചെയ്തു. ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാനും 4 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. തദ്ദേശ സ്ഥാപനങ്ങളിൽ 1155 ഇന്റേണുകളെ നിയമിച്ച് സംരംഭകരാകാൻ ആഗ്രഹിക്കുന്നവർക്ക് സഹായം ലഭ്യമാക്കുന്നതിനൊപ്പം സംരംഭങ്ങളാരംഭിച്ചതിന് ശേഷം പ്രയാസങ്ങൾ നേരിടുന്നവർക്ക് എംഎസ്എംഇ ക്ലിനിക്കുകളിലൂടെയും സഹായങ്ങൾ ലഭ്യമാക്കുന്നുണ്ട്. ഇതിനോടകം ആയിരം സംരംഭങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

പൊതു മേഖലാ വ്യവസായങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ബദലാവുന്ന സമീപനമാണ് കേരളം കാഴ്ചവെക്കുന്നത്. കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കാൻ വച്ചിരുന്ന രണ്ട് സ്ഥാപനങ്ങൾ ഈ സർക്കാരിന് കീഴിൽ സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങളായി പ്രവർത്തനമാരംഭിച്ചു. കാസർഗോഡ് ഭെൽ-ഇ. എം. എൽ നവീകരണത്തിന് ശേഷം കെൽ- ഇ.എം.എൽ ആയും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് ആധുനീകരണത്തിന് ശേഷം കേരള പേപ്പർ പ്രൊഡക്റ്റ്സ് ലിമിറ്റഡായും പ്രവർത്തനം തുടങ്ങി. ഇതിന് പുറമെ റബ്ബർ അധിഷ്ഠിത മൂല്യവർധിത ഉൽപന്നങ്ങൾ പുറത്തിറക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനസർക്കാർ രൂപം നൽകിയ കേരള റബ്ബർ ലിമിറ്റഡിന്റെ നിർമ്മാണോദ്ഘാടനവും ഈ ഒരു വർഷത്തിനുള്ളിൽ വ്യവസായവകുപ്പിന്റെ സുവർണനേട്ടങ്ങളിലൊന്നാണ്. കൊച്ചി – ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ 70% ഭൂമികേവലം 10 മാസം കൊണ്ട് ഏറ്റെടുത്ത് നൽകാനും സർക്കാരിന് സാധിച്ചു. വ്യവസായ ഇടനാഴി സാക്ഷാത്കരിക്കപ്പെടുന്നതോടെ പതിനായിരം കോടി രൂപയുടെ നിക്ഷേപമാണ് കേരളത്തിൽ ഉണ്ടാകാൻ പോകുന്നത്.

സുസ്ഥിര വികസനസൂചികയിൽ വ്യവസായ വികസനം ഉൾപ്പെടെയുള്ള പരിഗണനാ വിഷയങ്ങളിൽ ഉയർന്ന നേട്ടം കൈവരിക്കാൻ സാധിച്ചതുൾപ്പെടെ വ്യവസായവകുപ്പിന്റെ ചരിത്രത്തിലെ മികവാർന്ന പ്രവർത്തനം നടന്ന കാലയളവാണ് രണ്ടാം പിണറായി സർക്കാരിന്റെ ഒന്നാംവർഷം. അത് തുടരാനും കൂടുതൽ മികച്ച നേട്ടങ്ങൾ വരും വർഷങ്ങളിൽ സ്വന്തമാക്കാനുമാണ് വ്യവസായ വകുപ്പ് ലക്ഷ്യമിടുന്നത്. മികച്ച ആസൂത്രണത്തോടൊപ്പം വകുപ്പിലെ മറ്റ് ജീവനക്കാരുടെയും ഒത്തൊരുമയോടെയുള്ള പരിശ്രമങ്ങളിലൂടെ ആ ലക്ഷ്യം നമുക്ക് നേടിയെടുക്കാം. ■

6

എഴുമാവിൽ രവീന്ദ്രനാഥ്

അനന്തസാധ്യതകളുടെ അത്ഭുത സ്രോതസ്സ്

വികസനം, അത് ഏതു മേഖലയിലായാലും സാക്ഷാത്കരിയ്ക്കാൻ മുതൽമുടക്ക് ഒരു പ്രധാന ഘടകമാണ്. ഒരു വ്യക്തി മുതൽ ഒരു രാജ്യം വരെയും സ്വയം വികസനത്തിനും നിർദ്ദിഷ്ട പദ്ധതികളുടെ സുഗമമായ ഒഴുക്കിനും സാമ്പത്തിക ഉറവിടങ്ങളുടെ സുലഭതയെ ഉറപ്പാക്കേണ്ടിയിരിയ്ക്കുന്നു. പലപ്പോഴും പദ്ധതികളുടെ മന്ദഗതിയ്ക്കും അനിശ്ചിതമായ നിർത്തിവെയ്ക്കലിനും സാമ്പത്തിക പ്രശ്നങ്ങൾ കാരണമാകുന്നു. ഏതൊരു പദ്ധതിയായാലും സംരംഭകമായാലും പ്രാവർത്തികമാക്കാൻ ശരിയായ ആസൂത്രണം ആവശ്യമാണ്. മുമ്പ് ധന തത്വശാസ്ത്രകാരന്മാർ നിർവ്വചിച്ച എൽ എൽ സി ഒ തത്വത്തിന് (ലാൻഡ്, ലേബർ,

ഗ്രാമീണ ജനതയുടെ സാമ്പത്തിക ആവശ്യങ്ങൾക്കായി, പ്രത്യേകിച്ചും കർഷകരുടെ അടിസ്ഥാന പ്രശ്ന പരിഹാരങ്ങൾക്കായിട്ടാണ് പരസ്പര സഹായ സഹകരണ സംഘങ്ങൾ ഇവിടെ രൂപീകൃതമായത്. അവ വളർന്ന് പടർന്ന് 7254 കോടിയുടെ നിക്ഷേപമുള്ള വൻപ്രസ്ഥാനമായി മാറിയിരിയ്ക്കുന്നു. 138 കോടി ജനങ്ങൾ അധിവസിയ്ക്കുന്ന ഭാരത മഹാരാജ്യത്തിലെ കേവലം മൂന്നരക്കോടി മാത്രമാണ് കേരളത്തിന്റെ ജനസംഖ്യ.

ക്യാപ്പിറ്റൽ, ഓർഗനൈസേഷൻ) ഇന്നും പ്രസക്തിയേറുകയാണ്. ഒരുപക്ഷേ മൂന്നാമനായ ക്യാപ്പിറ്റൽ ഒന്നാമനായി മാറിയിട്ടുണ്ടാവും. വിവിധ രാജ്യങ്ങളിലെ സാമ്പത്തിക അരാജകത്വത്തിന്റെ വർത്തമാനകാല ദുരന്തങ്ങൾ നാം മാധ്യമങ്ങളിലൂടെ അറിയുന്നുണ്ടല്ലോ. ഇതു കാണുമ്പോൾ പഴയൊരു ചൊല്ലാണോർമ്മയിൽ വരുന്നത്.

കൊക്കിനൊതുങ്ങുന്നത് കൊത്തീല്ലെങ്കിൽ കൊക്കു വളഞ്ഞു മടങ്ങും

അത്തരം വളയലും മടങ്ങലും ഒടിയലും ഒഴിവാക്കാൻ വിദഗ്ദ്ധമായ ആസൂത്രണം തന്നെ വേണം. ഇവിടെ ഈ ചൊല്ലിനൊരു പാഠഭേദം നമുക്കു കൊടുക്കാം.

കൊക്കിനു നീട്ടമതേറ്റീടുകിലും
കൊത്തണതങ്ങു മുറിച്ചീടുകിലും

കൊക്കിനു കൊറ്റ തടക്കാം മോദാൽ .... കൊക്കിനു നീളം കൂട്ടിയും വൻകഷണങ്ങളെ ചെറുതാക്കിയും കാര്യം നേടാമെന്നാണ് ഇതിന്റെയർത്ഥം. ഇവിടെ നമുക്ക് ആസൂത്രണത്തിന്റെ അല്ലെങ്കിൽ മുന്നൊരുക്കത്തിന്റെ പ്രാധാന്യം കാണാം. പറഞ്ഞു വരുന്നത് വ്യാവസായിക സംരംഭങ്ങളുടെ ചാലകശക്തിയായ ധനസ്രോതസ്സിനെക്കുറിച്ചാണ്. നമ്മുടെ സംരംഭങ്ങൾക്കു കരുത്തു പകരാൻ കഴിയുന്ന സംസ്ഥാനത്തെ സഹകരണ മേഖലയെക്കുറിച്ചാണ്.

ഗ്രാമീണ ജനതയുടെ സാമ്പത്തിക ആവശ്യങ്ങൾക്കായി, പ്രത്യേകിച്ചും കർഷകരുടെ അടിസ്ഥാന പ്രശ്ന പരിഹാരങ്ങൾക്കായിട്ടാണ് പരസ്പര സഹായ സഹകരണ സംഘങ്ങൾ ഇവിടെ രൂപീകൃതമായത്. അവ വളർന്ന് പടർന്ന് 7254 കോടിയുടെ നിക്ഷേപമുള്ള വൻപ്രസ്ഥാനമായി മാറിയിരിയ്ക്കുന്നു. 138 കോടി ജനങ്ങൾ അധിവസിയ്ക്കുന്ന ഭാരത മഹാരാജ്യത്തിലെ കേവലം മൂന്നരക്കോടി മാത്രമാണ് കേരളത്തിന്റെ ജനസംഖ്യ. പ്രാഥമിക സഹകരണ സംഘങ്ങൾ മുതൽ സംസ്ഥാന സഹകരണ ബാങ്കു (കേരള ബാങ്ക്) വരെ നിക്ഷേപ സമാഹരണ യജ്ഞത്തിലൂടെ സമാഹരിച്ച തുകയാണിതെന്നോർക്കുക. ഇതിനുമപ്പുറമാണ് നമ്മുടെ സംസ്ഥാ

നത്തെ സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക അടിത്തറ.

സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾ ഇവിടെത്തന്നെ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിയ്ക്കപ്പെടേണ്ടത് അത്യാവശ്യമാണ്. 6600 ലേറെ ശാഖകളുള്ള മറ്റു ബാങ്കുകളെല്ലാം ചേർന്ന് 6,05, 914 കോടിയുടെ നിക്ഷേപം ഇവിടെ നിന്നും സ്വരൂപിയ്ക്കുമ്പോഴും അവയിൽ സിംഹഭാഗവും മറ്റു സംസ്ഥാനങ്ങളിലെ മുതൽമുടക്കിനായി വിനിയോഗിയ്ക്കുന്നു. സഹകരണ ബാങ്കുകളിലെ നിക്ഷേപം ആഭ്യന്തരമായി മാത്രമേ ചംക്രമണം ചെയ്യുന്നുള്ളുവെങ്കിലും വ്യവസായ മേഖലയിലേക്ക് അവയുടെ ഉപയുക്തത 25 ശതമാനത്തിലും താഴെയാണ്. ഈയൊരു സ്ഥിതിവിശേഷം മാറേണ്ടതുണ്ട്.

അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതരുടെ നാടാണിത്. ഇവർക്കായി നിരവധി പദ്ധതികൾ സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്കരിച്ചു നടപ്പാക്കുന്നുമുണ്ട്. ബാങ്കു വായ്പകളും സഹായധനവുമൊക്കെ ലഭ്യമാകുമ്പോഴും പ്രോജക്ടുകളുടെ വികസനം വിപണന ശൃംഖലയുടെ വിപുലീകരണം തുടങ്ങിയ വിവിധ ആശയങ്ങൾ പ്രാവർത്തികമാക്കാൻ പല സംരംഭകർക്കും നിലവിലെ ധനകാര്യ സ്ഥാപനങ്ങൾ പര്യാപ്തമല്ല എന്ന് പൊതുവെ ഒരഭിപ്രായമുണ്ട്. ഓരോ ബാങ്കും ഇക്കാര്യങ്ങളിൽ അവരുടേതായ മാനദണ്ഡങ്ങളാണ് സ്വീകരിച്ചു വരുന്നത്.

ഇക്കാര്യങ്ങളിൽ കുറേക്കൂടി ഉദാരമായ സമീപനമാണ് സഹകരണ ബാങ്കുകളുടേത്. പ്രാദേശികമായി വളർന്നു വന്ന സ്ഥാപനങ്ങൾ എന്ന നിലയ്ക്ക് സഹകരണ ബാങ്കുകൾക്കും അതിലെ ഡയറക്ടർ ബോർഡിനും അതതു പ്രവിശ്യകളെപ്പറ്റിയും ജനങ്ങളെപ്പറ്റിയും പൂർണമായ ഒരു ധാരണയുണ്ടാവും. ആയതിനാൽ സംരംഭകർക്ക് ഇതൊരു അനുഗ്രഹമാണ്. അർഹതയുള്ളവർക്കു തന്നെ വായ്പകൾ ലഭിയ്ക്കാൻ ഇതു കാരണമാകും. മറ്റൊന്ന് ഷെഡ്യൂൾഡ് ബാങ്കുകളും കൊമേഴ്സ്യൽ ബാങ്കുകളും വായ്പകൾ സംബന്ധിച്ച് ചില പൊതുമാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ആയതിൻപ്രകാരം നിശ്ചിത പരിധി വരെയുള്ള തുക ബ്രാഞ്ച് മാനേജർ, ഏരിയാ മാനേജർ, സോണൽ മാനേജർ, ഹെഡ് ഓഫീസ് എന്നിവർക്ക് വേണം പാസ്സാക്കാൻ. ഇതിനു കാലതാമസം വന്നേക്കാം. ഓരോ തട്ടിലുമുള്ള ഫയൽനീക്കത്തെ ആശ്രയിച്ചിരിയ്ക്കും ഇത്. എന്നാൽ സഹകരണ ബാങ്കുകളിൽ നല്ലൊരു വിഭാഗത്തിനും എത്ര വലിയ തുകയും വായ്പയായി നൽകാനാവും. ഇതിന് സെക്രട്ടറി അഥവാ എം ഡി മുമ്പാകെ രേഖകൾ സഹിതം അപേക്ഷകൾ സമർപ്പിച്ചാൽ അടുത്ത ബോർഡ് മീറ്റിങ്ങോടെ ചിത്രം വ്യക്തമാകും. ഫയൽ വർക്കുകൾ

സഹകരണ വായ്പകളുടെ പലിശനിരക്ക് സഹകരണ രജിസ്ട്രാർ അപ്പപ്പോൾ പുറപ്പെടുവിയ്ക്കുന്ന ഉത്തരവുകൾക്കും സർക്കുലറുകൾക്കും അനുസരിച്ചാണ്. തോന്നുംപടി പലിശയല്ല ഇവിടെ. ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളാണ് ഇത്തരത്തിലുള്ള വൻ പലിശനിരക്കുകൾ ഈടാക്കുന്നത്.

ഇവിടെ കുറവാണ്. തന്മൂലം നൂലാമാലകളും താരതമ്യേന കുറഞ്ഞിരിയ്ക്കും.

സഹകരണ വായ്പകളുടെ പലിശനിരക്ക് സഹകരണ രജിസ്ട്രാർ അപ്പപ്പോൾ പുറപ്പെടുവിയ്ക്കുന്ന ഉത്തരവുകൾക്കും സർക്കുലറുകൾക്കും അനുസരിച്ചാണ്. തോന്നുംപടി പലിശയല്ല ഇവിടെ. ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളാണ് ഇത്തരത്തിലുള്ള വൻ പലിശനിരക്കുകൾ ഈടാക്കുന്നത്. ബാങ്കുകൾക്കും ഇപ്പോൾ പലിശ നിരക്കുകൾ നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യം ആർ ബി ഐ നൽകിയിട്ടുണ്ടെങ്കിലും എൻ ബി എഫ് സികളെ (നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനി) പോലെ അവർ പ്രവർത്തിയ്ക്കാറില്ല. ഏതായാലും സഹകരണ ബാങ്കുകളിലെപ്പോലെ കുറഞ്ഞ പലിശ മറ്റൊരിടത്തും നിലവിലില്ല. നബാർഡ്, മറ്റു കേന്ദ്ര സംരംഭക പ്രോത്സാഹന പദ്ധതികൾ ഇവയുടെ ധനസഹായം എന്നിവ സഹകരണ ബാങ്കുകൾ വഴിയും ലഭ്യമാക്കാനായാൽ വീണ്ടും പലിശ നിരക്കുകൾ ഇവിടെ കുറയ്ക്കാനാകും. നിലവിലെ സ്വർണപ്പണയ വായ്പകൾ തന്നെ നോക്കാം. കാർഷിക മേഖലയുടെ പ്രോത്സാഹനാർത്ഥം നൽകുന്ന വായ്പകളിൽ ദേശസാൽകൃത ബാങ്കുകളും മറ്റു ഷെഡ്യൂൾഡ് ബാങ്കുകളും നാലു ശതമാനം പലിശ എന്നു പ്രചരണം നടത്തി ഇടപാടുകാരെ ആകർഷിയ്ക്കുമ്പോൾ ഇത് സഹകരണ ബാങ്കുകളിൽ ഉയർന്ന നിരക്കിലാണു നൽകുന്നത്. ഇതിനു കാരണം യഥാർത്ഥ പലിശനിരക്കിൽ നാലു ശതമാനത്തിനു മുകളിലുള്ളത് നബാർഡിന്റെ സബ്സിഡിയാണ് എന്നുള്ളതാണ്. ഇതു നിലവിൽ സഹകരണ ബാങ്കുകൾക്കു ലഭിയ്ക്കുന്നില്ല. ഇതുപോലെ തന്നെയാണു മറ്റു പല സഹായ പദ്ധതികളുടെയും സ്ഥിതി. സംസ്ഥാനത്തെ സമാന്തര സമ്പദ് വ്യവസ്ഥയായ സഹകരണ മേഖലയെ നോഡൽ ഓഫീസ് ആക്കി മാറ്റാനും വ്യവസായ വികസന വായ്പകൾക്കുള്ള ഒരു കേന്ദ്രമാക്കി മാറ്റാനും കഴിയണം. ആഭ്യന്തര ധനവിപണിയിൽത്തന്നെ സംസ്ഥാനത്തെ നിക്ഷേപം കൂടുതൽ ക്രിയാത്മകമായി വിനിയോഗിയ്ക്കപ്പെടാനുള്ള സ്ഥിതിവിശേഷം ഇവിടെയുണ്ടാവണം. സഹകരണ നിക്ഷേപം കാർഷികമേഖലയ്ക്കു മാത്രമല്ല വ്യാവസായിക മേഖലയ്ക്കും പൂർണ്ണമായും ഉപയുക്തമാക്കിയേ മതിയാവൂ. ഇതിലൂടെ നിക്ഷേപങ്ങളെ ഉല്പാദനക്ഷമമായ മാർഗ്ഗത്തിലേക്കു വഴിതിരിച്ചുവിടാം. ഇതു സഹകരണ ബാങ്കുകളിലെ കെട്ടിക്കിടക്കുന്ന നിക്ഷേപങ്ങൾക്ക് നല്ലൊരു അവസരമായി മാറും. വ്യാവസായിക സംരംഭങ്ങളെ സംബന്ധിച്ചിടത്തോളം നല്ലൊരു ധന ഉറവിടമായും ഇത് പ്രയോജനപ്പെടും. രണ്ടു മേഖലയുടെയും വളർച്ചയ്ക്ക് ഇതു വഴിയൊരുക്കും. കേരളത്തെ സംബന്ധിച്ചിടത്തോളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സഹകരണ സാക്ഷരത വളരെ ഉയർന്ന നിരക്കിലാണ്. അതിന്റെ പ്രതിഫലനമാണ് നിക്ഷേപ വർദ്ധനവും വായ്പകളുടെ വ്യാപ്തിയും. ഈ വ്യാപ്തി വർദ്ധിപ്പിയ്ക്കാൻ സംരംഭക വായ്പകൾ വർദ്ധിപ്പിയ്ക്കണം. കിട്ടാക്കടങ്ങൾ ഒഴിവാക്കാൻ സംരംഭക വായ്പകൾ ഏറെ സഹായകമാവും.

നിലവിലെ സംസ്ഥാനതല വിവരമനുസരിച്ച് കാർഷിക വായ്പകളിൽ ആണ് ഏറെ കുടിശ്ശിക യുള്ളത്. വ്യാവസായിക വായ്പകളിൽ ഇതു തുലോം കുറവാണ്. ഉല്പാദനം, വിപണനം, വിതരണം, ഇൻഫർമേഷൻ ടെക്നോളജി തുടങ്ങിയ എല്ലാ മേഖലകളിലും പുതിയ പുതിയ പദ്ധതികൾ വരുന്നുണ്ട്. സ്റ്റാർട്ടപ്പുകൾ ഉയരുന്നുണ്ട്. ഇവിടേയ്ക്കു സഹകരണ നിക്ഷേപങ്ങൾ ചാലുകീറി വിടുകതന്നെ വേണം. ഏപ്രിൽ 17 മുതൽ 25 വരെ എറണാകുളത്ത് രണ്ടാം പിണറായി സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ചുള്ള നൂറു ദിന കർമ്മ പരിപാടികളുടെ ഭാഗമായി സംഘടിപ്പിച്ച സഹകരണ എക്സ്പോയിൽ വ്യാവസായിക സഹകരണ മേഖലയുടെ സഹകരണം സംബന്ധിച്ച സെമിനാർ സംഘടിപ്പിയ്ക്കുകയുണ്ടായി. ഇതിന്റെ ഉദ്ഘാടനം നിർവ്വഹിച്ച വ്യവസായ വകുപ്പു മന്ത്രി പി. രാജീവ് വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് സഹകരണ മേഖലയുടെ സജീവമായ ഇടപെടൽ ഉണ്ടാവണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ഇതു സംബന്ധിച്ച തുടർച്ചകളും നടപടികളും നമുക്കു വൈകാതെ പ്രതീക്ഷിയ്ക്കാം. ■

ലോറൻസ് മാത്യു

വൈദ്യുതി വാഹനങ്ങൾ

അരങ്ങ് വാഴുന്ന വരും കാലം

ലോകം മുഴുവൻ പരിസ്ഥിതി സൗഹാർദ്ദത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. മാലിന്യങ്ങളുടെ സംസ്കരണത്തോടൊപ്പം മാലിന്യങ്ങളില്ലാതാക്കുക അല്ലെങ്കിൽ ഏത് വിധത്തിലുള്ള മാലിന്യങ്ങൾ ആയാലും അവയുടെ ആധിക്യം കുറക്കുക എന്നയൊരു സ്ട്രാറ്റജിയിലേക്ക് ലോക രാഷ്ട്രങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. ഇത് പരിസ്ഥിതി സൗഹാർദ്ദ വാഹനങ്ങൾ എന്നയൊരു ചിന്തയിലേക്ക് നയിച്ചു. പെട്രോളിയത്തിൽ നിന്നുള്ള ഇന്ധനങ്ങളുടെ ഉയർന്ന വില മാത്രമല്ല അതുണ്ടാക്കുന്ന പരിസ്ഥിതി മാലിന്യങ്ങളുടെ ഉയർന്നയളവും ഒപ്പം അനതി വിദൂര ഭാവിയിൽ പെ

നമ്മുടെ നാട്ടിൽ ഇന്ധനച്ചെലവാണ് ഏവരെയും ഇലക്ട്രിക് വാഹനങ്ങളിലേക്ക് അടുപ്പിക്കുന്നതെങ്കിൽ ആഗോളതലത്തിൽ പരിസ്ഥിതി സൗഹൃദമെന്നതാണ് ഏവർക്കും ഇലക്ട്രിക് കാറുകളോട് പ്രിയമേറാൻ കാരണം. 2050 തോടെ ലോകത്ത് ബഹുഭൂരിപക്ഷം വാഹനങ്ങളും വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്നവായായിരിക്കും എന്നാണ് കണക്കാക്കപ്പെടുന്നത്.

ട്രോളിയം ഉൽപ്പന്നങ്ങളുടെ ലഭ്യതക്കുറവും ഇത്തരമൊരു ചിന്തക്ക് ആക്കം കൂട്ടി. അതിന്റെ ഫലമാണ് ഇന്ന് നിരത്തുകളിൽ കാണുന്ന വൈദ്യുതി വാഹനങ്ങൾ. വിവിധങ്ങളായ കാറുകളും ടു വീലറുകളും മാത്രമല്ല, ട്രക്കുകളുമൊക്കെ ഈ ട്രാക്കിലേക്ക് മാറി ചിന്തിച്ച് തുടങ്ങിയിരിക്കുന്നു. ഒരു സുപ്രഭാതത്തിൽ പൊടുന്നനെയുണ്ടായ കണ്ടുപിടിത്തമല്ല വൈദ്യുത വാഹനങ്ങൾ എന്ന കാര്യത്തിൽ ധാരണയുണ്ടെങ്കിലും, നിരത്തിലോടുന്ന വൈദ്യുത വണ്ടികൾ കേരളീയർക്കിപ്പോഴും കൗതുകമാണ്.

ഇന്ന് ചെറുതല്ലാത്തരീതിയിൽ വളർന്നു കൊണ്ടിരിക്കുന്ന ഓട്ടോമൊബൈൽ മേഖലയാണ് വൈദ്യുതവാഹനങ്ങളുടേത്. ഇന്ധനങ്ങളുപയോഗിക്കുന്ന എഞ്ചിനുകൾക്ക് പകരം ബാറ്ററിയും, മോട്ടോറും ഉപയോഗിച്ചാണ് ഇത്തരം വാഹനങ്ങൾ പ്രവർത്തിക്കുന്നത്. രാജ്യത്ത് ഇന്ധനവില കുതിച്ചുയരുന്ന പശ്ചാത്തലത്തിൽ ഇ-വാഹനങ്ങളുടെ പ്രാധാന്യം ഒഴിച്ചുകൂടാനാകാത്തതാണ്. വിലകൂടിയ ഇന്ധനങ്ങളുടെ ആവശ്യമില്ല എന്നതും വളരെ കുറഞ്ഞ വിലക്ക് വൈദ്യുതി ലഭ്യമാണ് എന്നതും ഇലക്ട്രിക്ക് വാഹനങ്ങളുടെ ആവശ്യകത കൂടിവരാൻ കാരണമാകുന്നു. കേരള സംസ്ഥാന സർക്കാരിന്റെ KAL (Kerala Automobiles Limited) എന്ന സ്ഥാപനം ഈയടുത്ത് നീം-ജി എന്ന ഓട്ടോറിക്ഷകൾ പുറത്തിറക്കുകയുണ്ടായി. ഇത് ഏറെ വാർത്താപ്രാധാന്യം നേടിയിരുന്നു.

നമ്മുടെ നാട്ടിൽ ഇന്ധനച്ചെലവാണ് ഏവരെയും ഇലക്ട്രിക് വാഹനങ്ങളിലേക്ക് അടുപ്പിക്കുന്നതെങ്കിൽ ആഗോളതലത്തിൽ പരിസ്ഥിതി സൗഹൃദമെന്നതാണ്

വൈദ്യുത വാഹനങ്ങളുടെ ചരിത്രം

ഏവർക്കും ഇലക്ട്രിക് കാറുകളോട് പ്രിയമേറാൻ കാരണം. 2050 തോടെ ലോകത്ത് ബഹു ഭൂരിപക്ഷം വാഹനങ്ങളും വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്നവായായിരിക്കും എന്നാണ് കണക്കാക്കപ്പെടുന്നത്.

എന്ത് കൊണ്ട് വൈദ്യുതി വാഹനങ്ങൾ

ബ്രിട്ടീഷ് പെട്രോളിയം കമ്പനി എല്ലാവർഷവും ആഗോള ഊർജ്ജം സംബന്ധിച്ച കണക്കുകൾ പുറത്തു വിടാറുണ്ട്. ഏറ്റവും പുതിയ കണക്കുകൾ പറയുന്നത് ഈ രീതിയിൽ ഉപയോഗം തുടർന്നാൽ അടുത്ത 50 വർഷത്തിനുള്ളിൽ പെട്രോളിയം ഉൽപന്നങ്ങൾ അപ്രത്യക്ഷമാകും എന്നാണ്. എന്നാൽ അടുത്ത 132 വർഷത്തേക്ക് കൂടി ഉപയോഗിക്കുവാനുള്ള കൽക്കരി ലോകത്ത് നിലനിൽക്കും. ആ നിലയ്ക്ക് അടുത്ത 50 വർഷത്തിന് ശേഷവും വാഹനങ്ങൾ നിരത്തിലോടണമെങ്കിൽ വൈദ്യുത വാഹനങ്ങൾ കടന്ന് വരിക തന്നെ വേണം. റോഡ് ഗതാഗതത്തിന് ഭാവിയിലേക്കുള്ള ഏറ്റവും സാധ്യമായ ബദൽ അത് തന്നെയാണ്.

അൽപ്പം ചരിത്രം

18–ാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് ആന്തര ദഹന എഞ്ചിനുകൾ (Internal Combustion Engine നിലവിലെ പെട്രോൾ, ഡീസൽ വാഹനങ്ങളിലെ സാങ്കേതിക വിദ്യ) സംബന്ധിച്ച് കാര്യമായ ഗവേഷണങ്ങൾ നടന്നത്. 1800 കളുടെ ആദ്യം തന്നെ ഇവ ഉപയോഗിച്ചുള്ള വാഹനങ്ങളും നിരത്തിലിറങ്ങി. ഏതാണ്ട് ഇതേ കാലഘട്ടത്തിൽ തന്നെയാണ് വൈദ്യുത മോട്ടോറുകളെപ്പറ്റിയും ഗവേഷണങ്ങൾ നടന്നുവന്നത്. 1830 കളിൽ ഇലക്ട്രിക് മോട്ടോർ ഉപയോഗിച്ചുള്ള വാഹനങ്ങളുടെ പ്രോട്ടോ ടൈപ്പുകൾ പലരും നിർമ്മിച്ചു. എന്നാൽ ഇവയൊന്നും തന്നെ റീചാർജ് ചെയ്യാൻ കഴിയുന്ന ബാറ്ററികളോടു കൂടിയവ ആയിരുന്നില്ല. 1859 ൽ റീചാർജബിൾ ബാറ്ററികളുടെ കണ്ടുപിടുത്തത്തിനു ശേഷം വൈദ്യുത വാഹന രംഗം വളരെയേറെ മുന്നോട്ടു പോയി. പത്തൊമ്പതാം നൂറ്റാണ്ടിൽ ലണ്ടനിലും ന്യൂയോർക്കിലും വൈദ്യുത ടാക്സികൾ സജീവമായിരുന്നു. മറ്റു വാഹനങ്ങളിൽ നിന്ന് വ്യത്യസ്ഥമായി ചെറിയൊരു മൂളൽ ശബ്ദം മാത്രമേ ഉണ്ടായിരുന്നുള്ളു എന്ന കാരണത്താൽ ഈ ടാക

1859 ൽ റീചാർജബിൾ ബാറ്ററികളുടെ കണ്ടുപിടുത്തത്തിനു ശേഷം വൈദ്യുത വാഹന രംഗം വളരെയേറെ മുന്നോട്ടു പോയി. പത്തൊമ്പതാം നൂറ്റാണ്ടിൽ ലണ്ടനിലും ന്യൂയോർക്കിലും വൈദ്യുത ടാക്സികൾ സജീവമായിരുന്നു.

4 പേർക്ക് 100 കിലോമീറ്റർ സഞ്ചരിക്കാൻ വേണ്ട ഒരു ഇലട്രിക് വാഹനത്തിന് എകദേശം 10 കിലോ വാട്ട്അവർ (10X1000 wh) ഊർജം ആവശ്യമാണ്. എത്ര ഭാരവും വ്യാപ്തവുമുള്ള ബാറ്ററിയാണ് അപ്പോൾ വേണ്ടി വരികയെന്ന് കണക്കു കൂട്ടാമല്ലോ! ഇതേ ആവശ്യത്തിന് ഒരു പെട്രോൾ വാഹനത്തിന് കേവലം 6 -7 ലിറ്റർ പെട്രോളിനുള്ള സ്ഥലം മാത്രം മതി. അതുതന്നെയാണ് വൈദ്യുത വാഹനങ്ങൾ നേരിട്ട മത്സര വെല്ലുവിളി.

്സികൾ ഹമ്മിങ്ബേഡ്സ് എന്ന വിളിപ്പേരിൽ അറിയപ്പെട്ടു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തോടെ ലോകമെമ്പാടും പെട്രോളിയം ഖനനത്തിന്റെ സാധ്യത കണ്ടെത്തിയതോടെ പെട്രോളിയം സുലഭമായി. ഇതോടൊപ്പം മെച്ചപ്പെട്ടു തുടങ്ങിയ റോഡുകൾ കൂടുതൽ വേഗത്തിൽ കൂടുതൽ ദൂരം സഞ്ചരിക്കുന്ന വാഹനങ്ങൾ ആവശ്യപ്പെടാൻ തുടങ്ങി. ഈ സാഹചര്യങ്ങളെല്ലാം പെട്രോൾ ഡീസൽ വാഹനങ്ങളുടെ വളർച്ചയ്ക്ക് അനുഗുണങ്ങളായിരുന്നു. ഇതോടെ വൈദ്യുത വാഹന രംഗങ്ങൾക്ക് ഉണ്ടാകാൻ സാധ്യതയുണ്ടായിരുന്ന സ്വാഭാവിക വളർച്ച തടസ്സപ്പെട്ടു.

ആദ്യം തിരസ്കരിക്കപ്പെട്ടുവോ

ഇലക്ട്രിക് ട്രെയിനുകളും ട്രാമുകളുമൊക്കെ വൈദ്യുത വാഹനങ്ങൾക്കുദാഹരണമാണ്. 1895 മുതൽ ഇലക്ട്രിക് ട്രാമുകൾ ഇന്ത്യയിലെ എല്ലാ പ്രധാന നഗരങ്ങളിലും ഓടുന്നുണ്ടായിരുന്നു, ഇവയിലൊന്ന് ഇന്നും കൽക്കത്തയിൽ ഓടുന്നുണ്ട്. 1925 മുതൽ ഇന്ത്യയിൽ റെയിൽ ഗതാഗതം വൈദ്യുതിയിലേക്ക് മാറാൻ തുടങ്ങി. ഇതാകട്ടെ വൈദ്യുതി ശേഖരിച്ചു വെച്ച് ഉപയോഗിക്കുന്നതിനു പകരം തുടർച്ചയായ വൈദ്യുത ലഭ്യത കണക്കിലെടുത്ത് വൈദ്യുത കമ്പികളെ ആശ്രയിച്ചാണ് ഓടിക്കൊണ്ടിരുന്നത്. 2000 ത്തിനു ശേഷം നമ്മുടെ നിരത്തുകളിൽ അങ്ങിങ്ങായി ഇലക്ട്രിക് സ്കൂട്ടറുകളും മഹേന്ദ്ര-രേവ പോലെയുള്ള ചെറിയ ഇലക്ട്രിക് കാറുകളും കണ്ടു തുടങ്ങി. എന്നാലിവയ്ക്ക് ഒറ്റ ചാർജിൽ 50 മുതൽ 100 കിലോമീറ്റർ വരെ മാത്രമേ സഞ്ചരിക്കാൻ കഴിയുമായിരുന്നുള്ളു. മൂന്നു വർഷത്തിനുള്ളിൽ ശേഷി കുറഞ്ഞ് ഉപയോഗശൂന്യമാകുന്ന ബാറ്ററി അവയുടെ സ്വീകാര്യത പരക്കെ കുറയ്ക്കുകയും ചെയ്തിരുന്നു. നിലവിൽ UPS, ഇൻവെർട്ടർ മുതലായ ഉപകരണങ്ങളിൽ ചാർജ് സൂക്ഷിച്ചു വെക്കാൻ ഉപയോഗിക്കുന്നത് ലെഡ് ആസിഡ് ബാറ്ററികളാണ്. ആദ്യകാല ഇലട്രിക് വാഹനങ്ങളിലും ഇതു തന്നെയായിരുന്നു ഉപയോഗിച്ചിരുന്നത്. ഒരു ലിറ്റർ വ്യാപ്തമുള്ള ഒരു ലെഡ് ആസിഡ് ബാറ്ററിയിൽ ശേഖരിച്ചു വെക്കാൻ കഴിയുന്ന വൈദ്യുത ഊർജത്തിന്റെ അളവ് ഏകദേശം 75 വാട്ട് അവറിൽ (wh) താഴെ മാത്രമാണ്. ഇതിനാകട്ടെ എകദേശം 2 കിലോഗ്രാമിനടുത്ത് ഭാരം വരും. 4 പേർക്ക് 100 കിലോമീറ്റർ സഞ്ചരിക്കാൻ വേണ്ട ഒരു ഇലട്രിക് വാഹനത്തിന് എകദേശം 10 കിലോ വാട്ട്അവർ (10X1000 wh) ഊർജം ആവശ്യമാണ്. എത്ര ഭാരവും വ്യാപ്തവുമുള്ള ബാറ്ററിയാണ് അപ്പോൾ വേണ്ടി വരികയെന്ന് കണക്കു കൂട്ടാമല്ലോ! ഇതേ ആവശ്യത്തിന് ഒരു പെട്രോൾ വാഹനത്തിന് കേവലം 6 - 7 ലിറ്റർ പെട്രോളിനുള്ള സ്ഥലം മാത്രം മതി. അതുതന്നെയാണ് വൈദ്യുത വാഹനങ്ങൾ നേരിട്ട മത്സര വെല്ലുവിളി.

പരിസ്ഥിതി സൗഹൃദമാണോ

പൊതുവേ എല്ലാ വൈദ്യുതവാഹനനിർമ്മാതാക്കളും zero emission അവകാശപ്പെട്ടു കാണുന്നുണ്ട്. വൈദ്യുതവാഹനങ്ങളിൽ ഇന്ധനങ്ങൾ ഉപയോഗിക്കുന്നില്ല എന്നതു കൊണ്ടുമാത്രം അവ പരിസ്ഥിതി സൗഹാർദ്ദപരമാണെന്ന് പറയാൻ സാധിച്ചേക്കില്ല. ഇതിലുപയോഗിക്കുന്ന വൈദ്യുതി പരിസ്ഥിതി സൗഹാർദ്ദപരമാണോ എന്നതും പ്രധാന ഘടകമാകുന്നുണ്ട്. ഇന്ത്യയിൽ ആകെ വൈദ്യുത ഉൽപാദനശേഷിയുടെ 61% ഉം താപവൈദ്യുത നിലയങ്ങളാണ്താപവൈദ്യുത നിലയങ്ങൾ പ്രധാനമായും coal, lignite, diesel, natural gas, other oils എന്നിവ ഉപയോഗിച്ച് പ്രവർത്തിക്കുന്നവയാണ്. മറ്റ് വൈദ്യുത നിലയങ്ങളെ അപേക്ഷിച്ച് വളരെയേറെ പരിസ്ഥിതി മലിനീകരണമുണ്ടാക്കുന്നവയാണ് ഇത്തരം താപനിലയങ്ങൾ. വലിയ തോതിലുള്ള ഹരിതഗൃഹവാതകങ്ങളുടെ (CO_2, H_2O etc) വിസർജ്ജനം തന്നെ താപനിലയങ്ങളിൽ നിന്നുണ്ടാകുന്നുണ്ട്. WNA

കൂടുതൽ ചാർജ് സൂക്ഷിക്കാൻ കഴിവുള്ള, കുറഞ്ഞ വ്യാപ്തവും ഭാരവുമുള്ള ബാറ്ററികളാണ് വാഹനരംഗത്ത് നമുക്ക് ആവശ്യം. ഇവ വ്യാപകമാകുന്നതോടെ വൈദ്യുത വാഹനങ്ങൾക്ക് കൂടുതൽ ദൂരം സഞ്ചരിക്കാനുള്ള ശേഷി കൈവരും. ഇതിനോടകം, ഒറ്റ ചാർജിങ്ങിൽ 300 കിലോമീറ്ററിന് മുകളിൽ സഞ്ചരിക്കാൻ കഴിയുന്ന വാഹനങ്ങൾ നിരത്തിലിറങ്ങി തുടങ്ങിയിട്ടുണ്ട്. ഈ സവിശേഷതകളോടെ ഇന്ത്യൻ വാഹന നിർമാതാക്കളായ ടാറ്റ 'നെക്സോൺ ഇവി' വിപണിയിലെത്തിക്കുകയാണ്.

(World Nuclear Association) യുടെ റിപ്പോർട്ട് അനുസരിച്ച് ഏറ്റവും കൂടുതൽ കാർബൺ ഡൈ ഓക്സൈഡ് വിസർജ്ജനം Lignite, coal എന്നിവയിൽ നിന്നാണ്. ഇന്ത്യയിൽ ആകെ സ്ഥാപിത ശേഷിയിൽ ഏറ്റവും കൂടുതൽ ഉള്ളത് coal ഉപയോഗിച്ച് പ്രവർത്തിക്കുന്ന വൈദ്യുതനിലയങ്ങളാണെന്നത് നമ്മുടെ വൈദ്യുതി എത്രത്തോളം പാരിസ്ഥിതികാഘാതം സൃഷ്ടിക്കുന്ന താണെന്ന് ചൂണ്ടികാണിച്ചുതരുന്നു. വിദ്യുച്ഛക്തി മന്ത്രാലയത്തിന്റെ ഔദ്യോഗിക കണക്കനുസരിച്ച് 53.3% സ്ഥാപിതശേഷിയും coal വൈദ്യുത നിലയങ്ങളിലാണ്. നമ്മുടെ രാജ്യത്ത് വിതരണം ചെയ്യുന്ന 61% വൈദ്യുതിയും താപവൈദ്യുതിയും 53.3% ഉം കോൾ ബേസ്ഡ് വൈദ്യുതിയുമാകുമ്പോൾ അതുപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു വൈദ്യുത വാഹനവും പരിസ്ഥിതിസൗഹാർദ്ദപരമാണെന്ന് പറയാൻ കഴിയില്ലെന്നതാണ് വാസ്തവം.

ബാറ്ററികൾ മാറുന്നു

ഇവിടെയാണ് ലിഥിയം അയേൺ ബാറ്ററികൾ കടന്ന് വരുന്നത്. ഇത്തരം ബാറ്ററികൾക്ക് കൂടുതൽ ഊർജം ശേഖരിച്ചു വെക്കാൻ കഴിവുണ്ട്. ഒരേ ഊർജ സംഭരണ ശേഷിയുള്ള ലെഡ് ആസിഡ് ബാറ്ററിയുമായ് താരതമ്യം ചെയ്യുമ്പോൾ ഇവയ്ക്ക് അവയുടെ നാലിലൊന്ന് ഭാരവും വ്യാപ്തവും മാത്രം മതി എന്ന പ്രത്യേകതയുമുണ്ട്.

ഇത്തത്തിൽ കൂടുതൽ ചാർജ് സൂക്ഷിക്കാൻ കഴിവുള്ള, കുറഞ്ഞ വ്യാപ്തവും ഭാരവുമുള്ള ബാറ്ററികളാണ് വാഹനരംഗത്ത് നമുക്ക് ആവശ്യം. ഇവ വ്യാപകമാകുന്നതോടെ വൈദ്യുത വാഹനങ്ങൾക്ക് കൂടുതൽ ദൂരം സഞ്ചരിക്കാനുള്ള ശേഷി കൈവരും. ഇതിനോടകം, ഒറ്റ ചാർജിങ്ങിൽ 300 കിലോമീറ്ററിന് മുകളിൽ സഞ്ചരിക്കാൻ കഴിയുന്ന വാഹനങ്ങൾ നിരത്തിലിറങ്ങി തുടങ്ങിയിട്ടുണ്ട്. ഈ സവിശേഷതകളോടെ ഇന്ത്യൻ വാഹന നിർമാതാക്കളായ ടാറ്റ 'നെക്സോൺ ഇവി' വിപണിയിലെത്തിക്കുകയാണ്. ഈ കാറിന്റെ ബാറ്ററിക്ക് 160000 കിലോമീറ്റർ വരെ വാറന്റി നൽകാനും നിർമാതാക്കൾ തയ്യാറാകുന്നുണ്ട്. ഇതൊരു ശുഭകരമായ മാറ്റമാണ്.

നിക്ഷേപക സാധ്യതകൾ

വൻ കിട കമ്പനികളൊക്കെ ഈ രംഗത്തേക്ക് ചുവട് വെക്കുന്നതോട് കൂടി വലിയ നിക്ഷേപക സാധ്യതയാണ് വരുവാൻ പോകുന്നത്. ഇന്ത്യയിൽ വൈദ്യുത വാഹന (ഇ വി) നിർമാണത്തിന് ദക്ഷിണ

കൊറിയൻ നിർമാതാക്കളായ ഹ്യുണ്ടേയ് മോട്ടോർ ഇന്ത്യ ലിമിറ്റഡ്(എച്ച് എം ഐ എൽ) ഒരുങ്ങുന്നു. ചെന്നൈയ്ക്കടുത്ത് ശ്രീ പെരുംപുതൂരിലെ ശാലയുടെ ഉൽപ്പാദനശേഷി ഉയർത്താനുള്ള പദ്ധതിക്ക് തമിഴ്നാട് മന്ത്രിസഭയുടെ അനുമതിയും ലഭിച്ചു. 7,000 കോടിയോളം രൂപ ചെലവിലാണു ഹ്യുണ്ടേയ് ചെന്നൈ ശാലയുടെ ശേഷി വർദ്ധിപ്പിക്കുന്നത്. പ്രധാനമായും വൈദ്യുത വാഹന നിർമാണത്തിലേക്കു തിരിയാനാണ് ഹ്യുണ്ടേയ് കനത്ത നിക്ഷേപത്തിന് ഒരുങ്ങുന്നതെന്നാണു സൂചന. തമിഴ്നാട്ടിലെ ഏറ്റവും വലിയ നിക്ഷേപ കർക്കൊപ്പമാണു ഹ്യുണ്ടേയിയുടെ സ്ഥാനം. സംസ്ഥാനത്തു തുടർച്ചയായ നിക്ഷേപങ്ങളും ഹ്യുണ്ടേയ് നടത്തുന്നുണ്ട്. ഇപ്പോൾ പ്രഖ്യാപിച്ച വികസന പദ്ധതികൾ പൂർത്തിയാവുന്നതോടെ ആയിരത്തി അഞ്ഞൂറോളം പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്നാണു കണക്കാക്കുന്നത്. ശ്രീപെരുംപുതൂർ ശാലയുടെ വാർഷിക ഉൽപ്പാദന ശേഷിയിൽ ഒരു ലക്ഷം യൂണിറ്റിന്റെ വർധനയാണു ഹ്യുണ്ടായ് ലക്ഷക്ഷ്യമിട്ടിരിക്കുന്നത്.

ആഗോള വമ്പന്മാരായ കാർ നിർമാതാക്കളും ഇപ്പോൾ ശ്രദ്ധകൊടുക്കുന്നത് ഇലക്ട്രിക് വാഹന വിപണിക്കാണ്. 2039 ഓടെ പൂർണമായും ഇലക്ട്രിക് വാഹനങ്ങളിലേക്ക് മാറുമെന്നാണ് ജാഗ്വാർ ലാൻഡ് റോവർ കഴിഞ്ഞദിവസം നടത്തിയ പ്രഖ്യാപനം. എംജി മോട്ടോഴ്സും കിയയും ടാറ്റയുമൊക്കെ ഇലക്ട്രിക് വാഹനങ്ങൾ രംഗത്തിറക്കി വിപണിയിൽ സ്ഥാനം നേടാനുള്ള മത്സരയോട്ടത്തിലാണ്.

ഇലക്ട്രിക് വാഹനങ്ങൾ വ്യാപകമായിക്കഴിഞ്ഞാൽ അതിനോടനുബന്ധിച്ച് നിരവധി സംരംഭക സാധ്യതകൾ ഉയർന്ന് വരും. ചാർജ്ജിങ്ങ് സ്റ്റേഷനുകളും വർക്ക് ഷോപ്പകുകളും സ്പെയർ പാർട്സുകളുടെ നിർമ്മാണവും വിൽപ്പനയുമെല്ലാം ഇതിൽ ചിലത് മാത്രമാണ്. ബാറ്ററി റിസൈക്ലിങ്ങ് ബിസിനസുകളും ഉയർന്ന് വരുവാൻ സാധ്യതയുള്ള മേഖലയാണ്. ഗ്യാസ് മാറുന്നത് പോലെ ഭാവിയിൽ ബാറ്ററി സ്വാപ്പിങ്ങും വ്യാപകമായി ഉയർന്ന് വരാം. അതായത് ബാറ്ററി ചാർജ്ജ് ചെയ്യുന്നതിന് പകരം ഗ്യാസ് സിലിണ്ടർ മാറുന്നത് പോലെ ബാറ്ററി മാറുന്ന സംവിധാനം. ഇത്തരമൊരു സംവിധാനം ഉണ്ടായെങ്കിൽ മാത്രമേ ദീർഘ ദൂര യാത്രകൾ ഉത്തരം വാഹനങ്ങൾ പ്രയോജനപ്പെടുകയുള്ളു. ഇപ്പോൾത്തന്നെ ഈ സംവിധാനം പ്രവർത്തിച്ച് വരുന്നുണ്ട്.

വെല്ലു വിളികൾ

ഭാവിയുടെ സാധ്യതയാണ് വൈദ്യുതി വാഹനങ്ങളെങ്കിലും ഇത് വ്യാപകമാകുന്നതിന് തടസ്സങ്ങൾ നിരവധിയാണ്. ഇത്തരം വാഹനങ്ങളുടെ ഉയർന്ന വിലയാണ് പിന്നോട്ട് നയിക്കുന്ന ഘടകം. ഇതാണ് അടുത്ത പ്രതിസന്ധി. 300 കിലോമീറ്ററിനു മുകളിൽ സഞ്ചകരിക്കാൻ കഴിയുന്ന എല്ലാ വൈദ്യുത വാഹനങ്ങളുടെയും വില ഏതാണ്ട് 15- 20 ലക്ഷം രൂപയ്ക്ക് മുകളിലാണ്. ഇവിടെയും വില്ലൻ ബാറ്ററി തന്നെ. ഇടക്ക് ഒന്ന് ബാറ്ററി മാറേണ്ടി വന്നാൽ അതിനുള്ള ഭീമമായ ചിലവ് ഒരു പ്രശ്നമാണ്.

ഒരു സാധാരണ വാഹനത്തിന്റെ വിലയുടെ 22 മുതൽ 24 ശതമാനം വരെ എൻജിനും ഗിയർബോക്സും അടങ്ങുന്ന ഡ്രൈവ് മെക്കാനിസത്തിന്റേതാണ്. എന്നാൽ ഇലക്ട്രിക് വാഹനങ്ങളിൽ ഈ ജോലി ചെയ്യുന്ന മോട്ടോറിന് എട്ടു മുതൽ 20 ശതമാനം വരെയേ ചെലവ്

> ഇലക്ട്രിക് വാഹനങ്ങൾ വ്യാപകമായിക്കഴിഞ്ഞാൽ അതിനോടനുബന്ധിച്ച് നിരവധി സംരംഭക സാധ്യതകൾ ഉയർന്ന് വരും. ചാർജ്ജിങ്ങ് സ്റ്റേഷനുകളും വർക്ക് ഷോപ്പകുകളും സ്പെയർ പാർട്സുകളുടെ നിർമ്മാണവും വിൽപ്പനയുമെല്ലാം ഇതിൽ ചിലത് മാത്രമാണ്. ബാറ്ററി റിസൈക്ലിങ്ങ് ബിസിനസുകളും ഉയർന്ന് വരുവാൻ സാധ്യതയുള്ള മേഖലയാണ്. ഗ്യാസ് മാറുന്നത് പോലെ ഭാവിയിൽ ബാറ്ററി സ്വാപ്പിങ്ങും വ്യാപകമായി ഉയർന്ന് വരാം.

പെട്രോളിയം ഉൽപന്നങ്ങളും കൽക്കരിയും അവശേഷിക്കുന്നത്



വരുന്നുള്ളൂ. ഇവയുടെ ബാറ്ററിക്കാകട്ടെ വാഹന വിലയുടെ പകുതിയോളം വരും. അതായത് വൈദ്യുത വാഹനങ്ങളുടെ വില നിർണയിക്കുന്ന പ്രധാന ഘടകം അവയുടെ ബാറ്ററിയാണ്. ബാറ്ററി നിർമ്മാണത്തിന്റെ സാങ്കേതിക വിദ്യകൾ മെച്ചപ്പെടുന്നതനുസരിച്ച് കുറഞ്ഞ ചിലവിൽ ഗുണമേന്മയുള്ള ബാറ്ററികൾ കൂടുതലായി ഉത്പാദിപ്പിക്കാൻ കഴിയും. അതോടെ വൈദ്യുത വാഹനങ്ങളുടെ വില കാര്യമായി കുറയും. ഈ രംഗത്ത് നടക്കുന്ന പഠനങ്ങൾ പറയുന്നത് 2030 ഓടെ ബാറ്ററികളുടെ വില വാഹന വിലയുടെ 18% ൽ താഴെയാകും എന്നാണ്. അങ്ങനെ ആയാൽ വൈദ്യുത വാഹനങ്ങൾ നിലവിലെ പെട്രോൾ ഡീസൽ വാഹനങ്ങളുടെ വിലയ്ക്ക് ഒപ്പമോ അതിൽ കുറവോ ആയിക്കോളും.

നിലവിൽ ഇലക്ട്രിക് വാഹനങ്ങളിലെ ബാറ്ററികളിൽ ഉപയോഗിക്കുന്ന ലിഥിയം മറ്റ് രാജ്യങ്ങളിൽ നിന്ന് എത്തിക്കുന്നതിനാലാണ് ഇന്ത്യയിൽ ഇലക്ട്രിക് വാഹനങ്ങളുടെ വില വർദ്ധിപ്പിക്കാൻ കാരണം. എന്നാൽ ബാറ്ററി ഉല്പാദനം ഇന്ത്യയിൽ നടത്താനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണ്. ഇതിനായി കേന്ദ്രസർക്കാർ ലിഥിയം അയേൺ ഇന്ത്യയിലെത്തിക്കുന്നതിന് ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗുജറാത്തിൽ ലിഥിയം റിഫൈനറി തുടങ്ങുന്നതിനുള്ള നീക്കങ്ങളും നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഇത് യാഥാർത്ഥ്യമായാൽ ഇപ്പോൾ ലഭ്യമാകുന്ന വിലയിൽ നിന്ന് അധിക വ്യത്യാസമില്ലാതെ തന്നെ ഇലക്ട്രിക് വാഹനങ്ങൾ ഏവർക്കും സ്വന്തമാക്കാനാകും.

ഈ വാഹനങ്ങളുടെ ബാറ്ററി ചാർജ്ജ് ചെയ്യുവാനുള്ള സൗകര്യങ്ങളുടെ അഭാവം വലിയ പ്രതിസന്ധികളുടെ അഭാവം വലിയ പ്രസന്ധികളിലൊന്നാണ്. വാഹനം നിർത്തിയിട്ട് ചാർജ്ജ് ചെയ്യുവാനുള്ള സ്ഥല ലഭ്യത തടസമായി നിൽക്കുന്നു. ചാർജ്ജിങ്ങ് സ്റ്റേഷനുകളെന്ന സംരംഭക സാധ്യതയിൽ ഇതൊരു പ്രശ്നമായി വരുന്നുണ്ട്. ചാർജ്ജ് ചെയ്യുവാനെടുക്കുന്ന സമയമാണ് മറ്റൊരു പ്രശ്നം. ചെലവു കുറഞ്ഞ രീതിയിൽ വീടുകളിൽ സ്ഥാപിക്കുന്ന സംവിധാനത്തിൽ വാഹനത്തിന്റെ സ്വഭാവമനുസരിച്ച് ബാറ്ററി ഫുൾ ചാർജ്ജാവാൻ 8 മുതൽ 12 മണിക്കൂർ വരെ വേണ്ടി വരും. അതിവേഗം ചാർജ്ജ് ചെയ്യുവാനുള്ള സംവിധാനത്തിൽ 2 മണിക്കൂർ മതിയാകും. എന്നാൽ ഈ സംവിധാനം ലഭ്യമാക്കുന്നതിന് ചാർജ്ജ് കൂടുതലാണ്. പെട്രോൾ ഡീസൽ വാഹനങ്ങളിൽ ഇന്ധനം നിറയ്ക്കാൻ ഏതാനും മിനിറ്റുകൾ മതിയാകുമല്ലോ.

അറ്റകുറ്റപ്പണിക്ക് വിദഗ്ദരായയവരുടെ ലഭ്യത പരിമിതമമാണ്. ഇത് പരിഹരിക്കുവാൻ മികച്ച സേവന ശൃംഖല സൃഷ്ടിക്കപ്പെടണം. ഗ്രാമീണ

> നിലവിൽ ഇലക്ട്രിക് വാഹനങ്ങളിലെ ബാറ്ററികളിൽ ഉപയോഗിക്കുന്ന ലിഥിയം മറ്റ് രാജ്യങ്ങളിൽ നിന്ന് എത്തിക്കുന്നതിനാലാണ് ഇന്ത്യയിൽ ഇലക്ട്രിക് വാഹനങ്ങളുടെ വില വർദ്ധിപ്പിക്കാൻ കാരണം. എന്നാൽ ബാറ്ററി ഉല്പ്പാകദനം ഇന്ത്യയിൽ നടത്താനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണ്.



> അറ്റകുറ്റപ്പണിക്ക് വിദഗ്ദരായയവരുടെ ലഭ്യത പരിമിതമമാണ്. ഇത് പരിഹരിക്കുവാൻ മികച്ച സേവന ശൃംഖല സൃഷ്ടിക്കപ്പെടണം. ഗ്രാമീണ മേഖലയിൽ വൈദ്യുതി ലഭ്യതയുടെ പ്രശ്നം, വോൾട്ടേജ് ക്ഷാമം ഇവയൊക്കെ ഇന്നും രൂക്ഷമായി തുടരുന്നുണ്ട്. ഇന്ത്യയിലെ മോശം റോഡുകൾ വലിയൊരു വെല്ലുവിളിയാണ്. ഇത് മൈലേജിനെ ബാധിക്കും

മേഖലയിൽ വൈദ്യുതി ലഭ്യതയുടെ പ്രശ്നം, വോൾട്ടേജ് ക്ഷാമം ഇവയൊക്കെ ഇന്നും രൂക്ഷമായി തുടരുന്നുണ്ട്. ഇന്ത്യയിലെ മോശം റോഡുകൾ വലിയൊരു വെല്ലുവിളിയാണ്. ഇത് മൈലേജിനെ ബാധിക്കും. ഇത് ദൂരയാത്ര പോകുന്നവരെ പ്രതിസന്ധിയിലാക്കും. റി സെയിൽ വിപണി കൂടി സജീവമാകേണ്ടതുണ്ട്. വിപണിയിലെ പിന്നോട്ടടിക്ക് ഇതും ഒരു കാരണമാണ്.

ഇന്ത്യ ഒരു ഊർജ്ജപ്രതിസന്ധി നേരിടുന്ന രാജ്യം കൂടിയാണ്. നമുക്ക് ആവശ്യമുള്ളത്ര വൈദ്യുതി ഇന്നും നമുക്ക് ഉൽപാദിപ്പിക്കാനാകുന്നില്ല. ഇനി വരുന്ന കാലത്ത് ഊർജ്ജോൽപ്പാദനം വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമായിരിക്കും. നിലവിൽ കേന്ദ്ര വിദ്യുച്ഛക്തിമന്ത്രാലയം ഊർജ്ജോൽപാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ താപനിലയങ്ങൾ കുറക്കുകയും മലിനീകരണം കുറഞ്ഞ ന്യൂക്ലിയാർ പവർപ്ലാന്റുകളും, ഹൈഡ്രോ ഇലക്ട്രിക്ക് പവർപ്ലാന്റുകളും, വിൻഡ് പവർപ്ലാന്റുകളും മറ്റ് റിന്യൂവബിൾ എനർജി സ്രോതസ്സുകളും വർദ്ധിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. ക്രമേണ നമുക്ക് ഇത്തരം മാലിന്യം കുറഞ്ഞ സ്രോതസ്സുകളിലൂടെ തന്നെ വൈദ്യുതി ഉൽപാദിപ്പിക്കാനായാൽ അത് വൈദ്യുതവാഹനങ്ങളേയും പരിസ്ഥിതി മലിനീകരണം വളരെ കുറഞ്ഞ ഗതാഗതമാർഗ്ഗമാക്കി തീർക്കും. അതിനാൽ ശൈശവദശയിലുള്ള ഇലക്ട്രിക് വാഹനങ്ങളെ വളർത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനോടൊപ്പം നമ്മുടെ വൈദ്യുത സ്രോതസ്സുകളേ മലിനികരണം കൂടിയ താപവൈദ്യുത നിലയങ്ങളിൽനിന്ന് (geothermal powerplant ഒഴികെ) മലിനീകരണം കുറഞ്ഞ റിന്യൂവബിൾ സ്രോതസ്സുകളിലേക്ക് മാറ്റുകയും വേണം. ■

18

ഡോ. ശചീന്ദ്രൻ. വി

ജി.എസ്.ടി. ഐഡന്റിഫിക്കേഷൻ നമ്പർ

ഓരോ നിയമത്തിനു കീഴിലും അതിനു കീഴിൽ ബാധ്യതപ്പെട്ട വ്യക്തികളെ തിരിച്ചറിയുവാനായി പ്രത്യേകമായി ഒരു നമ്പർ അനുവദിക്കാറുണ്ട്. ആദായ നികുതി നിയമത്തിലെ പാൻ, ടാൻ എന്നിവയും, കമ്പനി നിയമത്തിലെ ഡയറക്ടർ ഐഡന്റിഫിക്കേഷൻ നമ്പർ, സേവന നികുതി നിയമ പ്രകാരം നൽകുന്ന സർവീസ് ടാക്സ് രജിസ്ട്രേഷൻ നമ്പർ തുടങ്ങിയവ ഇതിനു ഉദാഹരണങ്ങളാണ്. ജി.എസ്.ടി. നിയമത്തിനു മുൻപ് നിലവിൽ ഉണ്ടായിരുന്ന സംസ്ഥാന മൂല്യ വർധിത നികുതി നിയമത്തിനു കീഴിൽ രജിസ്റ്റർ ചെയ്യുന്ന ഡീലർമാർക്ക് പ്രത്യേകമായ ടാക്സ് ഐഡന്റിഫിക്കേഷൻ നമ്പർ (ടിൻ) അതാത് സംസ്ഥാന



പൂർണമായും സാങ്കേതിക വിദ്യകളുടെ അടിസ്ഥാനത്തിലാണ് ജി.എസ്.ടി. നിയമം നടപ്പിലാക്കിയിട്ടുള്ളത്. രാജ്യത്തിലുടനീളം, പരസ്പരം നടത്തുന്ന വിതരണങ്ങളിൽ ഇൻപുട് ടാക്സ് ക്രെഡിറ്റ് നൽകുവാനും, ഇ–വേ ബില്ല് ഉപയോഗപ്പെടുത്തുവാനും, ചരക്കു സേവന ഇടപാടുകളെ ഏകീകൃതമായ രീതിയിൽ നികുതി നിയമത്തിൽ കൊണ്ട് വരുവാനും ഇതിനു കീഴിലുള്ള എല്ലാ വ്യക്തികൾക്കും ദേശീയ തലത്തിൽ തന്നെ പ്രത്യേകമായ ഐഡന്റിഫിക്കേഷൻ നമ്പർ ആവശ്യമാണ്. ചരക്കു സേവന നികുതി, 'ഒരു രാജ്യം ഒരു നികുതി' എന്ന ആശയത്തിൽ നിലനിൽക്കുന്നതിനാൽ എല്ലാവരെയും ഒരേ പോർട്ടലിന്റെ കീഴിൽ കൊണ്ട് വരാൻ ഐഡന്റിഫിക്കേഷൻ നമ്പർ സഹായിക്കുന്നു.

നികുതി വകുപ്പുകൾ നൽകിയിരുന്നു.

2017 ജൂലൈ മുതൽ ഇന്ത്യയിൽ നടപ്പാക്കിയ ചരക്കു സേവന നികുതി നിയമത്തിലെ വളരെ പ്രധാനപ്പെട്ട ഒന്നാണ് ജി.എസ്.ടി. ഐഡന്റിഫിക്കേഷൻ നമ്പർ. ജി.എസ്. ടി. നിയമത്തിനു കീഴിൽ രജിസ്റ്റർ ചെയ്യുന്ന ഓരോ വ്യക്തിക്കും (സ്ഥാപനങ്ങളെയും വ്യക്തികൾ എന്നായിട്ടാണ് ചരക്കു സേവന നികുതിയിൽ നിർവചിച്ചിരിക്കുന്നത്) നൽകുന്ന പ്രത്യേകമായ ഒരു നമ്പറാണിത്. ജി.എസ്.ടി. ഐഡന്റിഫിക്കേഷൻ നമ്പർ ചുരുക്കി 'GSTIN' എന്നാണ് വിളിക്കുന്നത്. ഒരു വ്യക്തി ചരക്കു സേവന നികുതി നിയമത്തിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നതിന്റെ തെളിവ് കൂടിയാണ് ഈ നമ്പർ. ഈ നിയമത്തിനു കീഴിൽ രജിസ്റ്റർ ചെയ്യാത്തവർക്ക് ജി. എസ്.ടി നിയമത്തിന്റെ ആനുകൂല്യങ്ങൾ ലഭിക്കുകയില്ല എന്നതിനാൽ ഐഡന്റിഫിക്കേഷൻ നമ്പറിന് വളരെ പ്രാധാന്യമുണ്ട്. ജി.എസ്.ടി. ഐഡന്റിഫിക്കേഷൻ നമ്പറിന്റെ പ്രത്യേകതകളും മറ്റും പ്രതിപാദിക്കുന്നതാണ് ഈ ലേഖനം.

ജി.എസ്.ടി. ഐഡന്റിഫിക്കേഷൻ നമ്പറിന്റെ പ്രാധാന്യം

പൂർണമായും സാങ്കേതിക വിദ്യകളുടെ അടിസ്ഥാനത്തിലാണ് ജി.എസ്.ടി. നിയമം നടപ്പിലാക്കിയിട്ടുള്ളത്. രാജ്യത്തിലുടനീളം, പരസ്പരം നടത്തുന്ന വിതരണങ്ങളിൽ ഇൻപുട് ടാക്സ് ക്രെഡിറ്റ് നൽകുവാനും, ഇ-വേ ബില്ല് ഉപയോഗപ്പെടുത്തുവാനും, ചരക്കു സേവന ഇടപാടുകളെ ഏകീകൃതമായ രീതിയിൽ നികുതി നിയമത്തിൽ കൊണ്ട് വരുവാനും ഇതിനു കീഴിലുള്ള എല്ലാ വ്യക്തികൾക്കും ദേശീയ തലത്തിൽ തന്നെ പ്രത്യേകമായ ഐഡന്റിഫിക്കേഷൻ നമ്പർ ആവശ്യമാണ്. ചരക്കു സേവന നികുതി, 'ഒരു രാജ്യം ഒരു നികുതി' എന്ന ആശയത്തിൽ നിലനിൽക്കുന്നതിനാൽ എല്ലാവരെയും ഒരേ പോർട്ടലിന്റെ കീഴിൽ കൊണ്ട് വരാൻ ഐഡന്റിഫിക്കേഷൻ നമ്പർ സഹായിക്കുന്നു. ലളിതമായ രീതിയിൽ ഈ നിയമം നടപ്പാക്കാൻ, നികുതി ഉദ്യോഗസ്ഥർക്കും ഐഡന്റിഫിക്കേഷൻ നമ്പർ ഉപകരിക്കുന്നു. ഉദാഹരണത്തിന് നികുതി ഗവൺമെന്റിലേക്കു അടയ്ക്കേണ്ട ഒരു വ്യക്തി അത് അടച്ചിട്ടുണ്ടോ എന്നറിയാൻ അയാളുടെ ഐഡന്റിഫിക്കേഷൻ നമ്പർ ഉപയോഗിച്ച് പരിശോധിച്ചാൽ മതി.

2019 ഏപ്രിൽ ഒന്ന് മുതൽ, സാധനങ്ങൾ വിതരണം ചെയ്യുന്നവരുടെ, വാർഷിക വിറ്റു വരവ് 40 ലക്ഷം രൂപയ്ക്ക് മുകളിലാണെങ്കിൽ ജി.എസ്.ടി. രജിസ്ട്രേഷൻ നമ്പർ നേടണം. പ്രത്യേക

സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഈ പരിധി 20 ലക്ഷം രൂപയാണ്. സേവനങ്ങൾ നൽകുന്നവരുടെ, വാർഷിക വിറ്റു വരവ് 20 ലക്ഷം രൂപയ്ക്ക് മുകളിലാണെങ്കിൽ ജി.എസ്.ടി. രജിസ്ട്രേഷൻ നമ്പർ നേടണം. പ്രത്യേക സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഈ പരിധി 10 ലക്ഷം രൂപയാണ്. പ്രത്യേക കാറ്റഗറിയിൽ വരുന്ന സംസ്ഥാനങ്ങൾ എന്നതിൽ വടക്ക്കിഴക്കൻ സംസ്ഥാനങ്ങളായ അരുണാചൽ പ്രദേശ്, ഹിമാചൽ പ്രദേശ്, ആസാം, മേഘാലയ, മിസോറാം, നാഗാലാൻഡ്, സിക്കിം, ത്രിപുര, മണിപ്പൂർ എന്നിവ ഉൾപ്പെടുന്നു.

താഴെ പറയുന്ന വ്യക്തികൾ വാർഷിക വിറ്റു വരവ് മേൽ പറഞ്ഞ തുകയേക്കാൾ കുറവുള്ളവരാണെങ്കിലും ഈ നിയമത്തിനു കീഴിൽ രജിസ്റ്റർ ചെയ്ത് ജി.എസ്.ടി. ഐഡന്റിഫിക്കേഷൻ നമ്പർ നേടാൻ ബാധ്യതപ്പെട്ടവരാണ്

അന്തർ സംസ്ഥാന, നികുതി വിധേയമായ സപ്ലൈ നടത്തുന്നവർ

നികുതി വിധേയമായ സപ്ലൈ നടത്തുന്ന ആകസ്മിക നികുതി ചുമത്താവുന്ന വ്യക്തികൾ (Casual taxable persons)

റിവേഴ്സ് ചാർജ് അടിസ്ഥാനത്തിൽ (Reverse Charge Mechanism) നികുതി നൽകാൻ ബാധ്യതയുള്ളവർ.

സാധാരണയായി സപ്ലൈ നടത്തുന്നയാളാണ് ജി.എസ്.ടി. നൽകേണ്ടത്. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ സപ്ലൈ സ്വീകരിക്കുന്നയാൾക്ക് ജി.എസ്.ടി. നല്കാൻ ബാധ്യതയുണ്ട്. അത്തരത്തിൽ

പ്രത്യേക സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഈ പരിധി 10 ലക്ഷം രൂപയാണ്. പ്രത്യേക കാറ്റഗറിയിൽ വരുന്ന സംസ്ഥാനങ്ങൾ എന്നതിൽ വടക്ക്കിഴക്കൻ സംസ്ഥാനങ്ങളായ അരുണാചൽ പ്രദേശ്, ഹിമാചൽ പ്രദേശ്, ആസാം, മേഘാലയ, മിസോറാം, നാഗാലാൻഡ്, സിക്കിം, ത്രിപുര, മണിപ്പൂർ എന്നിവ ഉൾപ്പെടുന്നു.

സാധാരണയായി സപ്ലൈ നടത്തുന്നയാളാണ് ജി. എസ്.ടി. നൽകേണ്ടത്. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ സപ്ലൈ സ്വീകരിക്കുന്നയാൾക്ക് ജി. എസ്.ടി. നല്കാൻ ബാധ്യതയുണ്ട്. അത്തരത്തിൽ നികുതി ചുമത്തുന്നതിനെയാണ് റിവേഴ്സ് ചാർജ് എന്ന് പറയുന്നത്

നികുതി ചുമത്തുന്നതിനെയാണ് റിവേഴ്സ് ചാർജ് എന്ന് പറയുന്നത്. നികുതി വിധേയമായ സപ്ലൈ നടത്തുന്ന പ്രവാസികളായ നികുതി ചുമത്താവുന്ന വ്യക്തികൾ (Non- Resident Taxable persons) ഉറവിടത്തിൽ നിന്നും നികുതി കുറയ്ക്കാൻ (Tax Deducted at Source) ബാധ്യതപെട്ട വ്യക്തികൾ. (ഗവൺമെന്റ് ഡിപ്പാർട്മെന്റുകൾ, ലോക്കൽ അതോറിറ്റികൾ, ഗവണ്മെന്റ് ഏജൻസികൾ തുടങ്ങിയവർ സപ്ലൈ സ്വീകരിച്ചു പണം നൽകുമ്പോൾ, സപ്ലൈ തുക രണ്ടര ലക്ഷം രൂപ കടക്കുകയാണെങ്കിൽ, ഒരു ശതമാനം നികുതി ഉറവിടത്തിൽ നിന്ന് തന്നെ കുറച്ചു മാത്രമേ നൽകാവൂ)

ഇൻപുട് സർവീസ് ഡിസ്ട്രിബ്യൂട്ടർ (Input Service Distributor)

ഇലക്ട്രോണിക്ക് കോമേഴ്സ് ഓപ്പറേറ്റർ വഴി സാധനങ്ങൾ/സേവനങ്ങൾ സപ്ലൈ നടത്തുന്നവർ

ഇലക്ട്രോണിക്ക് കോമേഴ്സ് ഓപ്പറേറ്റർ

ഇന്ത്യയ്ക്ക് വെളിയിൽ നിന്നും ഇന്ത്യയിലെ ഒരു വ്യക്തിക്ക് ഓൺലൈൻ വിവരമോ വിവര ശേഖരത്തിന്റെ ഉപയോഗമോ സപ്ലൈ ചെയ്യുന്ന വ്യക്തികൾ

മറ്റ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളവർ

ജി.എസ്.ടി. ഐഡന്റിഫിക്കേഷൻ നമ്പറിന്റെ പ്രത്യേകതകൾ

വ്യക്തികൾക്ക് സംസ്ഥാന തലത്തിലാണ് ഐഡന്റിഫിക്കേഷൻ നമ്പർ നൽകുന്നത്. പാനിന്റെ (Permanent Account Number-PAN) അടിസ്ഥാനത്തിൽ നൽകുന്ന ജി.എസ്.ടി. ഐഡന്റിഫിക്കേഷൻ നമ്പറിന് 15 അക്കങ്ങളാണ് ഉള്ളത്.



അതിൽ ആദ്യത്തെ രണ്ടു അക്കങ്ങൾ 2011 സെൻസസ് പ്രകാരമുള്ള സംസ്ഥാന കോഡാണ്. അത് പ്രകാരം ഓരോ സംസ്ഥാനത്തിനും ഓരോ പ്രത്യേക കോഡ് നൽകിയിട്ടുണ്ട്. ഉദാഹരണത്തിന് കേരള സംസ്ഥാനത്തിന്റെ കോഡ് 32, തമിഴ് നാടിന്റെ കോഡ് 33 എന്നിങ്ങനെയാണ്. പിന്നീടുള്ള പത്തു അക്കങ്ങൾ രജിസ്റ്റർ ചെയ്ത വ്യക്തിയുടെ, ആദായ നികുതി നിയമത്തിനു കീഴിലുള്ള, പാൻ നമ്പറാണ്. പതിമൂന്നാമത്തെ അക്കം, അതെ പാനിന് (PAN) കീഴിൽ ആ സംസ്ഥാനത്തിൽ ഉള്ള രജിസ്ട്രേഷനെ സൂചിപ്പിക്കുന്നു. പതിനാലാമത്തെ അക്കത്തിന് നിലവിൽ ഉപയോഗം ഒന്നുമില്ല. അത് ഏല്ലാവർക്കും 'z' എന്ന അക്ഷരം ആയിരിക്കും. അവസാനത്തെ അക്കം തെറ്റുകളും മറ്റും കണ്ടെത്താനുള്ള ഒരു പരിശോധനാ കോഡാണ്. അത് ഒരു അക്ഷരമോ അക്കമോ ആയിരിക്കും .

ജി.എസ്.ടി. ഐഡന്റിഫിക്കേഷൻ നമ്പർ ലഭിക്കുന്ന വിധം

ജി.എസ്.ടി. ഐഡന്റിഫിക്കേഷൻ നമ്പർ നൽകുന്നത് ജി.എസ്.ടി. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിലൂടെയാണ്. അതിനാൽ തന്നെ ഈ ഐഡന്റിഫിക്കേഷൻ നമ്പർ ചരക്കു സേവന നികുതി നിയമത്തിനു കീഴിൽ രജിസ്റ്റർ ചെയ്യുമ്പോഴാണ് ലഭിക്കുന്നത്. ഇതിനായി നേരിട്ട് ജി.എസ്.ടി. ഓൺലൈൻ പോർട്ടലിനെയോ, ജി.എസ്.ടി. സുവിധ കേന്ദ്ര പോലുള്ള സഹായക സ്ഥാപനങ്ങളെയോ സമീപിക്കാവുന്നതാണ്. വ്യക്തിയുടെ അപേക്ഷ നികുതി വകുപ്പ് അംഗീകരിച്ചാലുടൻ ഐഡന്റിഫിക്കേഷൻ നമ്പർ നൽകുന്നു. ഫോറം GST REG-06 ലാണ് ഇത് നൽകുന്നത്. ഇവ ഓൺലൈൻ ആയി മാത്രമേ നൽകുകയുള്ളൂ. ജി.എസ്.ടി. രജിസ്ട്രേഷനും, ഐഡന്റിഫിക്കേഷൻ നമ്പറും അനുവദിക്കുന്നത് തികച്ചും സൗജന്യമായാണ്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കുന്നതുവരെയോ, അത് സറണ്ടർ ചെയ്യുന്നത് വരെയോ ആണ് ഒരാളുടെ ജി.എസ്.ടി. ഐഡന്റിഫിക്കേഷൻ നമ്പർ നിലവിൽ ഉണ്ടാകുക.

ജി.എസ്.ടി. ഐഡന്റിഫിക്കേഷൻ നമ്പർ പ്രദർശിപ്പിക്കൽ

രജിസ്റ്റർ ചെയ്ത എല്ലാ നികുതി ദായകരും ജി.എസ്.ടി. ഐഡന്റിഫിക്കേഷൻ നമ്പർ, രജിസ്ട്രേഷൻ

ജി.എസ്.ടി. ഐഡന്റിഫിക്കേഷൻ നമ്പർ നൽകുന്നത് ജി.എസ്.ടി. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിലൂടെയാണ്. അതിനാൽ തന്നെ ഈ ഐഡന്റിഫിക്കേഷൻ നമ്പർ ചരക്കു സേവന നികുതി നിയമത്തിനു കീഴിൽ രജിസ്റ്റർ ചെയ്യുമ്പോഴാണ് ലഭിക്കുന്നത്. ഇതിനായി നേരിട്ട് ജി.എസ്.ടി. ഓൺലൈൻ പോർട്ടലിനെയോ, ജി. എസ്.ടി. സുവിധ കേന്ദ്ര പോലുള്ള സഹായക സ്ഥാപനങ്ങളെയോ സമീപിക്കാവുന്നതാണ്.

ജി.എസ്.ടി.യിൽ രജിസ്റ്റർ ചെയ്ത വ്യക്തി ജി.എസ്.ടി. ഐഡന്റിഫിക്കേഷൻ നമ്പർ ഉൾപ്പെട്ട ടാക്സ് ഇൻവോയ്സ് നൽകാതെ സാധനങ്ങളുടെ/ സേവനങ്ങളുടെ വില്പന നടത്തുന്നത് കേന്ദ്ര ജി. എസ്.ടി. നിയമത്തിലെ 122 ആം വകുപ്പ് പ്രകാരം കുറ്റകരമാണ്. അതിനു, അടയ്ക്കേണ്ടുന്ന ജി.എസ്.ടി. തുകയോ അല്ലെങ്കിൽ 10,000 രൂപയോ, ഏതാണോ വലുത്, ആ തുക പിഴയായി നൽകേണ്ടി വരും.

സർട്ടിഫിക്കറ്റിൽ, തങ്ങളുടെ സ്ഥലങ്ങളിൽ പ്രദർശിപ്പിച്ചിരിക്കണം. ഇത് ഫ്രെയിം ചെയ്തോ ഒട്ടിച്ചോ വയ്ക്കാം. ഐഡന്റിഫിക്കേഷൻ നമ്പർ പേരിന്റെ ബോർഡിലും ഉണ്ടാകണം. ഇത് മുഖ്യ ബിസിനസ്സ് സ്ഥാപനത്തിലും അധികമായുള്ള ബിസിനസ്സ് സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കണം. ഇങ്ങനെ ചെയ്യുന്നതിന്റെ ഉദ്ദേശ്യം, സാധനങ്ങൾ/ സേവനങ്ങൾ സ്വീകരിക്കുന്നയാൾക്ക് താൻ ഇടപെടുന്ന വിൽപ്പനക്കാരൻ, ജി.എസ്.ടി. രജിസ്ട്രേഷൻ ഉള്ള ആളാണെന്ന് മനസ്സിലാക്കാനും അതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ ശരിയായ ടാക്സ് ഇൻവോയ്സ് ആവശ്യപ്പെടാനുമാണ്.

ജി.എസ്.ടി.യിൽ രജിസ്റ്റർ ചെയ്ത വ്യക്തി ജി. എസ്.ടി. ഐഡന്റിഫിക്കേഷൻ നമ്പർ ഉൾപ്പെട്ട ടാക്സ് ഇൻവോയ്സ് നൽകാതെ സാധനങ്ങളുടെ/ സേവനങ്ങളുടെ വില്പന നടത്തുന്നത് കേന്ദ്ര ജി.എസ്.ടി. നിയമത്തിലെ 122 ആം വകുപ്പ് പ്രകാരം കുറ്റകരമാണ്. അതിനു, അടയ്ക്കേണ്ടുന്ന ജി.എസ്.ടി. തുകയോ അല്ലെങ്കിൽ 10,000 രൂപയോ, ഏതാണോ വലുത്, ആ തുക പിഴയായി ന ൽകേണ്ടി വരും.

ജി.എസ്.ടി. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്ര ദർശിപ്പിക്കാതിരുന്നാലുള്ള ശിക്ഷ പ്രത്യേകം പറഞ്ഞിട്ടില്ല. എങ്കിലും, ജി.എസ്.ടി. നിയമത്തിനു കീഴിലുള്ള ഏതെങ്കിലും കാര്യം പാലിച്ചിട്ടില്ലെങ്കിൽ പരമാവധി 25000 രൂപ വരെ പിഴ ചുമത്തും എന്ന് നിയമത്തിൽ പറയുന്നുണ്ട്. അതിനാൽ ജി.എസ്.ടി. ഐഡന്റിഫിക്കേഷൻ നമ്പർ പ്ര ദർശിപ്പിക്കാതിരിക്കുന്നത് ഈ പിഴ ചുമത്താവുന്ന കുറ്റമാണ്.

ചുരുക്കത്തിൽ ചരക്കു സേവന നികുതിയുടെ സുപ്ര ധാനമായ ഘടകങ്ങളിൽ ഒന്നാണ് ജി.എസ്.ടി. ഐഡന്റിഫിക്കേഷൻ നമ്പർ. ഇതിലൂടെ, കൃത്യമായി ഉപ യോഗിച്ചാൽ, ഈ നിയമം ലളിതമായും സുതാര്യമായും പാലിക്കാനും, അതോടൊപ്പം നികുതി വെട്ടിപ്പുകൾ തടയാനും സാധിക്കുന്നു. ■

(മഞ്ചേശ്വരം ജി. പി. എം. ഗവൺമെന്റ് കോളേജിലെ അസോസിയേറ്റ് പ്രൊഫസറും വാണിജ്യ വിഭാഗം മേധാവിയുമാണ് ലേഖകൻ)

ഡോ. സുധീർ ബാബു

വ്യത്യസ്തമായ മാർക്കറ്റിംഗിന്

ശക്തമായ 7 തന്ത്രങ്ങൾ

നിങ്ങൾ ഫുട്പാത്തിലൂടെ നടക്കുകയാണ്. പെട്ടെന്ന് ഫുട്പാത്തിന്റെ അരികിലായി വലിയൊരു ഐസ്ക്രീം കപ്പ് കാണുന്നു. അതിൽ നിറഞ്ഞിരിക്കുന്ന ഐസ്ക്രീം ഫുട്പാത്തിൽ ഒഴുകി പരക്കുന്നു. ആദ്യം നിങ്ങളൊന്ന് അമ്പരക്കുന്നു. കാരണം അത്തരത്തിലൊന്ന് നിങ്ങളവിടെ പ്രതീക്ഷിച്ചിട്ടേയില്ല. കഴിഞ്ഞ ദിവസം നിങ്ങളതിലൂടെ കടന്നു പോയപ്പോൾ അതവിടെ ഉണ്ടായിരുന്നില്ല. എവിടെനിന്നോ അത് പെട്ടെന്ന് പ്രത്യക്ഷപ്പെട്ടപോലെ.

ശക്തമായതും ചെലവിനേക്കാൾ പ്രയോജനം ലഭിക്കുകയും ചെയ്യുന്ന ചില പരസ്യതന്ത്രങ്ങൾ നിലവിലുണ്ട്. ഇവ മറ്റ് പരസ്യങ്ങളെപ്പോലെ തുടർച്ചയായി ഉപയോഗപ്പെടുത്തുന്നതല്ല. പരസ്യം കാണുന്ന വ്യക്തിയെ അമ്പരപ്പിക്കുവാനും രസിപ്പിക്കുവാനും കൗതുകപ്പെടുത്തുവാനും തികച്ചും വ്യത്യസ്തമായ രീതിയിൽ ഒരിക്കലും മനസിൽ മായാത്ത മുദ്ര പതിപ്പിക്കുവാനും ഇത്തരം പരസ്യതന്ത്രങ്ങൾക്ക് കഴിവുണ്ട്. പരമ്പരാഗതമായ തന്ത്രങ്ങളിൽ നിന്നും അമ്പേ വ്യത്യസ്തങ്ങളാണിവ. ഇത്തരം ചില തന്ത്രങ്ങളെ നമുക്ക് പരിചയപ്പെടാം.

1. Ambient Marketing

നിങ്ങൾ ഫുട്പാത്തിലൂടെ നടക്കുകയാണ്. പെട്ടെന്ന് ഫുട്പാത്തിന്റെ അരികിലായി വലിയൊരു ഐസ്ക്രീം കപ്പ് കാണുന്നു. അതിൽ നിറഞ്ഞിരിക്കുന്ന ഐസ്ക്രീം ഫുട്പാത്തിൽ ഒഴുകി പരക്കുന്നു. ആദ്യം നിങ്ങളൊന്ന് അമ്പരക്കുന്നു. കാരണം അത്തരത്തിലൊന്ന് നിങ്ങളവിടെ പ്രതീക്ഷിച്ചിട്ടേയില്ല. കഴിഞ്ഞ ദിവസം നിങ്ങളതിലൂടെ കടന്നു പോയപ്പോൾ അതവിടെ ഉണ്ടായിരുന്നില്ല. എവിടെനിന്നോ അത് പെട്ടെന്ന് പ്രത്യക്ഷപ്പെട്ടപോലെ.

ആദ്യമനുഭവപ്പെട്ട ഞെട്ടൽ കൗതുകമായി രൂപാന്തരപ്പെടുന്നു. ഇപ്പോൾ നിങ്ങൾക്ക് മനസിലാകുന്നു ഐസ്ക്രീം ഫുട്പാത്തിലേക്ക് ഒഴുകി പരക്കുന്നതല്ല മറിച്ച് അങ്ങിനെ തോന്നിപ്പിക്കുന്ന ഒരു പരസ്യശില്പമാണ്. ഐസ്ക്രീമിന്റെ പേര് അതിൽ എഴുതിയിട്ടുണ്ട്. ആദ്യം നിങ്ങൾക്കതൊരു അത്ഭുതമായിരുന്നു പിന്നീട് കൗതുകമായി ഇപ്പോൾ നിങ്ങൾ തിരിച്ചറിയുന്നു അതൊരു രസകരമായ പരസ്യമാണ്.

നിങ്ങളുടെ മനസ്സിൽ നിന്നും ഇനി ആ രൂപം മാറ്റുവാൻ വലിയ ബുദ്ധിമുട്ടാണ്. ഒരൊറ്റ പരസ്യത്തിലൂടെ ആ ബ്രാന്റ് നിങ്ങളുടെ തലച്ചോറിൽ നുഴഞ്ഞുകയറിയിരിക്കുന്നു. ഇനി ഐസ്ക്രീം എന്ന് കേൾക്കുമ്പോഴും ഓർമ്മിക്കുമ്പോഴും ആ ബ്രാന്റ് നാമവും (Brand Name) കൂടി അതിനൊപ്പം ഓർമ്മ വരും. ഉപഭോക്താക്കളുടെ ശ്രദ്ധ പെട്ടെന്ന് ആകർഷിക്കുന്ന, അവരിൽ താൽപ്പര്യം ജനിപ്പിക്കുന്ന, അവരെ ആശ്ചര്യപ്പെടുത്തുന്ന ഈ തന്ത്രമാണ് Ambient Marketing.

Ambient Marketing തന്ത്രം പരീക്ഷിക്കുന്നത് എവിടെയുമാകാം. ഉപഭോക്താക്കൾ പ്രതീക്ഷിക്കാത്തിടത്ത്, അവരുടെ ശ്രദ്ധ പെട്ടെന്ന് പിടിച്ചു പറ്റുന്ന രീതിയിൽ പരസ്യങ്ങൾ സ്ഥാപിക്കുക. അപ്രതീക്ഷിതമായി കാണുന്ന ഈ പരസ്യങ്ങൾ അവരിൽ അതിശയം ഉണർത്തും. വ്യത്യസ്തമായ അത്തരം പരസ്യം മനസ്സിൽ ദീർഘകാലം തങ്ങി നിൽക്കും. മുടക്കുന്ന പണത്തെക്കാൾ മൂല്യം തിരികെ ലഭിക്കുന്നതാവും ഇത്തരം പരസ്യങ്ങൾ.

2. Stealth Marketing

നിങ്ങളിപ്പോൾ മെട്രോ ട്രെയിനിൽ കയറിയിരിക്കുകയാണ്. നല്ല തിരക്ക്. ഇരിക്കുവാൻ സ്ഥലമില്ല. നിങ്ങൾ മുകളിൽ നിന്നും തൂങ്ങിക്കിടക്കുന്ന സ്ട്രാപ്പിൽ പിടിച്ചു നില്ക്കുകയാണ്. അപ്പോളതാ നിങ്ങൾ കാണുന്നു ആ സ്ട്രാപ്പിൽ മനോഹരമായ ഒരു ചിത്രവും ഒരു ബ്രാന്റിന്റെ പേരും.

നിങ്ങൾ ഇത് കാണുന്നുണ്ടെങ്കിലും അതൊരു പരസ്യമായി നിങ്ങൾക്കനുഭവപ്പെടുന്നതേയില്ല. സ്ട്രാപ്പിന്റെ ഡിസൈനായി മാത്രമേ നിങ്ങൾക്ക് തോന്നുന്നുള്ളൂ. പക്ഷേ നിങ്ങളുടെ യാത്രയിലുടനീളം നിങ്ങളത് കണ്ടുകൊണ്ടിരിക്കുന്നു. ആ ബ്രാന്റ് ഇതാ

നിങ്ങളറിയാതെ മനസ്സിൽ സ്ഥാനമുറപ്പിച്ചു കഴിഞ്ഞു.

ഇത്തരം പരസ്യ തന്ത്രത്തെ Stealth Marketing എന്ന് വിശേഷിപ്പിക്കാം. നിങ്ങൾ ഒരു പേപ്പർ കപ്പിൽ ചായ കുടിക്കുകയാണ്. ആ കപ്പ് നിങ്ങൾ ശ്രദ്ധിക്കുമ്പോൾ അതിൽ ഒരു ലോഗോ കാണുന്നു. കൂടാതെ ആ കപ്പിന്റെ നിറം ആ ബ്രാന്റിന്റെ തീമുമായി ലയിച്ചു ചേരുന്ന ഒന്നാണ്. നിങ്ങളുടെ സമ്മതമില്ലാതെ തന്നെ ആ ബ്രാന്റ് നിങ്ങളിലേക്ക് കുടിയേറിക്കഴിഞ്ഞു. ഉപഭോക്താക്കളുടെ അവബോധമില്ലാതെ തന്നെ ഇത്തരം പരസ്യങ്ങൾക്ക് അവരുടെ മനസിനെ സ്വാധീനിക്കുവാൻ സാധിക്കും.

3. Viral / Buzz Marketing

നിങ്ങൾ ഇൻസ്റ്റഗ്രാമോ ഫേസ്ബുക്കോ നോക്കിക്കൊണ്ടിരിക്കുകയാണ്. പെട്ടെന്ന് ഒരു വീഡിയോ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുന്നു. ധാരാളം ആളുകൾ അത് സോഷ്യൽ മീഡിയയിൽ ഷെയർ ചെയ്തു കൊണ്ടിരിക്കുകയാണ്. അത് വളരെപ്പെട്ടെന്ന് വൈറൽ ആയി മാറിക്കഴിഞ്ഞിരിക്കുന്നു. നിങ്ങൾ അത് കാണുന്നു ഷെയർ ചെയ്യുന്നു. പതിനായിരങ്ങൾ, ലക്ഷങ്ങൾ ആ വീഡിയോ കാണുകയും ഷെയർ ചെയ്യുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ഇത് നിങ്ങൾ പലപ്പോഴും കണ്ടിട്ടുള്ള, അനുഭവിച്ചിട്ടുള്ള കാര്യമാണ്. ചില പരസ്യങ്ങൾ അവയുടെ ഉള്ളടക്കം കൊണ്ട് ശ്രദ്ധ നേടുകയും വൈറൽ ആയി മാറുകയും ചെയ്യുന്നു. ഉപഭോക്താക്കളുടെ ശ്രദ്ധ വളരെപ്പെട്ടെന്ന് അത്തരം പരസ്യങ്ങൾ പിടിച്ചെടുക്കുന്നു. അതിന്റെ വ്യത്യസ്തത പ്രേക്ഷകർ പെട്ടെന്ന് തിരിച്ചറിയുകയും അവരറിയാതെ തന്നെ പരസ്യ കാമ്പയിനിന്റെ ഭാഗമാകുകയും ചെയ്യുന്നു.

ഇത്തരം പരസ്യങ്ങളിൽ പ്രേക്ഷകരെ വിനോദിപ്പിക്കുവാനുള്ള, രസിപ്പിക്കുവാനുള്ള അല്ലെങ്കിൽ വാർത്താ പ്രാധാന്യമുള്ള എന്തെങ്കിലും കാണും. ചില വ്യക്തികളുടെ വീഡിയോകൾ പെട്ടെന്ന് വൈറലാകുന്നത് ശ്രദ്ധിച്ചിട്ടില്ലേ. പലപ്പോഴും ഇത്തരം കാമ്പയിനുകൾ വളരെയധികം ചിന്തിച്ച്, തയ്യാറെടുത്ത് അവതരിപ്പിക്കുന്നതാണ്. അതിന്റെ ഉദ്ദേശവും വൈറൽ ആകുക എന്നത് തന്നെയാണ്. Viral / Buss മാർക്കറ്റിംഗ് ഉപഭോക്താക്കളുടെ പരസ്പരമുള്ള ആശയവിനിമയത്തിലൂടെയോ ഇത്തരം വൈറൽ പരസ്യങ്ങളിലൂടെയോ സംഭവിക്കപ്പെടുന്നു.

4. Guerrilla Projection Advertising

രാത്രിയിൽ നിങ്ങൾ നഗരത്തിലെ തിരക്കേറിയ ഒരു റോഡിൽ കൂടി നടക്കുകയാണ്. ആളുകളെക്കൊണ്ട് എല്ലായിടവും തിങ്ങിനിറഞ്ഞിരിക്കുന്നു. ധാരാളം വാഹനങ്ങൾ ഇരുവശങ്ങളിലേക്കുമായി ഓടിക്കൊണ്ടിരിക്കുന്നു. പെട്ടെന്നതാ നഗരത്തിൽ തലയുയർത്തിനിൽക്കുന്ന ഒരു കെട്ടിടത്തിൽ ഒരു

ഭീമാകാരമായ ചിത്രം തെളിയുന്നു. നഗരത്തിൽ നിറഞ്ഞു നിന്നിരുന്ന ജനക്കൂട്ടം മുഴുവൻ സ്തബ്ധരാകുന്നു. അതൊരു പരസ്യമാണ്. ആർക്കും ഊഹിക്കുവാൻ പോലും സാധിക്കാത്ത രീതിയിൽ ഒരു ഒളിയാക്രമണം.

ഇത് ചലിക്കുന്നതോ ചലിക്കാത്തതോ ആയ പരസ്യമാകാം. ഇത് കെട്ടിടത്തിലേക്ക് പ്രൊജക്റ്റ് ചെയ്യുന്നത് മറ്റൊരിടത്ത് നിന്നാകാം. ഇതിന് കെട്ടിട ഉടമയുടെയോ അധികൃതരുടെയോ അനുമതി ഉണ്ടാവണമെന്നില്ല. ഏവർക്കും അത്ഭുതം ജനിപ്പിക്കുന്ന രീതിയിലാവും ഇത്തരം പരസ്യങ്ങളുടെ പ്രദർശനം.

എവിടെയും ഇത് സംഭവിക്കാം. ഒരു പാലത്തിന്റെ തൂണുകളിൽ പെട്ടെന്ന് ഒരു ഉത്പന്നത്തിന്റെ ചിത്രം തെളിയാം. ഇത് ഏവരെയും ഞെട്ടിക്കും. പെട്ടെന്ന് ജനശ്രദ്ധ പിടിച്ചെടുക്കും. വാർത്താ പ്രാധാന്യം ലഭിക്കും. ഇതാണ് Guerrilla Projection Advertisingഎന്ന തന്ത്രം.

5. Wild Posting

നഗരത്തിലെ ആ നീളമുള്ള മതിൽ നിങ്ങൾ എത്രയോ പ്രാവശ്യം കണ്ടിരിക്കുന്നു. തികച്ചും വിരസമായ ചായമടിച്ച ഒന്ന്. ആരും അതിലൊന്നും ചെയ്യാത്തതെന്ത് എന്ന് നിങ്ങൾ പലപ്രാവശ്യം ചിന്തിച്ചിട്ടുള്ളതുമാണ്. ഒരു ദിവസം നിങ്ങൾ ബസ്സിൽ യാത്ര ചെയ്യുമ്പോൾ അതാ ആ മതിലിൽ പുതിയൊരു പരസ്യം പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

ആ പരസ്യത്തിനൊരു പ്രത്യേകതയുണ്ട്. ഒരേ പോസ്റ്ററുകൾ തന്നെയാണ് ആവർത്തിച്ച് ഒട്ടിച്ചിട്ടുള്ളത്. ആ നീളമുള്ള മതിൽ നിറച്ചും ഒരേ പോസ്റ്ററിന്റെ ആവർത്തനമാണ്. നിങ്ങളുടെ കണ്ണിൽ നിന്നും ആ കാഴ്ച മായുന്നില്ല.

ഈ തന്ത്രമാണ് WildPosting / FlyPosting. ജനസാന്ദ്രതയുള്ള ഏതിടത്തും ഇത് പരീക്ഷിക്കാം. പെട്ടെന്ന് ശ്രദ്ധ നേടാനും ഉപഭോക്താക്കളുടെ



മനസിൽ ബ്രാന്റിന്റെ ചിത്രം പതിയാനും ഇത് സഹായിക്കും.

6. Street Marketing

സീബ്രാ ലൈനിലൂടെ തെരുവ് മുറിച്ചു കടക്കുന്നവർ കാണുന്നത് അതിനൊപ്പം വരച്ചു ചേർത്തിരിക്കുന്ന ഒരു ലോഗോ കൂടിയാണ്. ആ തെരുവിൽ സീബ്രാ ലൈൻ കടന്നു പോകുന്നവർക്ക് ആ ലോഗോ ശ്രദ്ധിക്കാതിരിക്കാൻ കഴിയുകയില്ല. ദിവസവും ഇത് കടന്നു പോകുന്നവരുടെ മനസിൽ നിന്നും ആ ലോഗോ പിന്നീട് മായുകയേയില്ല.

തെരുവിൽ ചെയ്യുന്ന ഈ പരസ്യതന്ത്രത്തെ Street Marketing എന്ന് വിളിക്കാം. തെരുവിൽ എവിടെ വേണമെങ്കിലും ഇതാകാം. ഉത്പന്നങ്ങളേയും സേവനങ്ങളേയും മാർക്കറ്റ് ചെയ്യാൻ ഈ രീതി ഉപയോഗിക്കാം. തിരക്കുള്ള തെരുവീഥികളിൽ ഈ തന്ത്രം പരീക്ഷിക്കാം.

7. Grassroot Marketing

പേര് സൂചിപ്പിക്കുന്നത് പോലെ തന്നെ ഇത് ഏറ്റവും താഴെ തട്ടിൽ നിന്നുമാരംഭിക്കുന്ന മാർക്കറ്റിംഗാണ്. ഇവിടെ നിങ്ങൾ വലിയ ഗ്രൂപ്പുകളിൽ ശ്രദ്ധ നൽകുന്നില്ല. അതിനുപകരം ചെറിയ ഗ്രൂപ്പുകളിലേക്ക് നിങ്ങളുടെ സന്ദേശം എത്തിക്കുകയാണ്. അവർ നിങ്ങളുടെ ബ്രാന്റ് മറ്റുള്ളവരിലേക്ക് പടർത്തും .

ചെറിയ രീതികളിലാണ് ഇതിന്റെ പ്രവർത്തനമെങ്കിലും മികച്ച ഫലം നൽകാൻ ഈ മാർക്കറ്റിംഗ് രീതിക്ക് കഴിയും. ഒരു ട്രെയ്നർ ആദ്യം തന്നെ പ്രൊമോട്ട് ചെയ്യുന്നത് ചെറിയ ഗ്രൂപ്പുകളിലായിരിക്കും. അവർക്ക് സേവനം നൽകി മെല്ലെ മെല്ലെ തന്റെ ഗ്രൂപ്പ് വികസിപ്പിക്കുന്നു. ചെറിയ ഗ്രൂപ്പുകളിൽ നിങ്ങൾക്ക് നിങ്ങളുടെ കഥകളും വീഡിയോകളും പങ്കുവെക്കാം. നിങ്ങളുടെ ഉത്പന്നത്തിന്റെ, സേവനത്തിന്റെ കഥ പതിയെ വലിയ ഗ്രൂപ്പുകളിലേക്ക് വഴിമാറും.

മാർക്കറ്റിംഗിനായി വ്യത്യസ്ത വഴികൾ തേടുക

നിങ്ങൾ സാധാരണ കാണാറുള്ള പരമ്പരാഗതമായ മാർക്കറ്റിംഗ് ശൈലിയിൽ നിന്നും വിഭിന്നങ്ങളാണ് മുകളിൽ കണ്ട മാർഗ്ഗങ്ങളെല്ലാം തന്നെ. കുറഞ്ഞ ചെലവിൽ വലിയ പ്രയോജനം നേടുക എന്നതാണ് തന്ത്രം. വിപണിയിലെ മല്ലന്മാരുമായി മത്സരിക്കുമ്പോൾ ഒളിപ്പോരാട്ടമാണ് നല്ലത്. കാരണം അവർക്കൊപ്പം മത്സരിക്കാൻ നിങ്ങളുടെ പോക്കറ്റിന് കനം വേണം. അല്ലെങ്കിൽ വ്യത്യസ്തമായ വഴികൾ തേടണം.

ചിന്തിക്കുവാനുള്ള വാതായനങ്ങൾ തുറന്നിടുകയാണ് ഇവിടെ ചെയ്യുന്നത്. വ്യത്യസ്തമായി ചിന്തിച്ചു തുടങ്ങിയാൽ നൂതനങ്ങളായ ആശയങ്ങൾ ഉണരും. പരസ്യം നിങ്ങളുടെ സർഗ്ഗാത്മകതയാണ്. അത് പൊട്ടിമുളക്കേണ്ടത് മനസിലാണ്. അതൊരു ജോലിയല്ല. മറിച്ച് ആവശ്യകത അലട്ടുമ്പോൾ അത് നിങ്ങളെ ചിന്തിക്കുവാൻ പ്രേരിപ്പിക്കണം. ആ ചിന്തയിൽ നിന്ന് മനോഹരങ്ങളായ ആശയങ്ങൾ ഉടലെടുക്കണം. അവയെ പരീക്ഷിക്കുവാൻ മടിക്കേണ്ടതില്ല. നിങ്ങളുടേതായ പുതിയ തന്ത്രങ്ങൾ കണ്ടെത്തുക. അതിനായി ചിന്തിക്കാൻ നിങ്ങൾ മനസിലാക്കിയ ഈ തന്ത്രങ്ങൾ സഹായകരമാകും.■

30 പടവുകൾ

ഒരു ലക്ഷം സംരംഭങ്ങൾ; ഉദാരമാക്കി സ്വകാര്യ എസ്റ്റേറ്റ് അനുമതിയും

റ്റി. എസ്. ചന്ദ്രൻ

സംസ്ഥാനത്ത് ഒരു ലക്ഷം പുതുസംരംഭങ്ങൾ തുടങ്ങാനുള്ള ശ്രമത്തിലാണ് സർക്കാർ. തൊഴിൽ അന്വേഷകർക്കും, സംരംഭ തത്പരർക്കും ഇത് നല്ല കാലം. നിരവധി പരിഷ്കാരങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് സർക്കാർ വരുത്തിയിരിക്കുന്നത്. കൂടുതൽ ഉദാര നടപടികൾ വന്നുകൊണ്ടും ഇരിയ്ക്കുന്നു. സെമിനാറുകളും, നൈപുണ്യ പരിശീലന പരിപാടികളും ആരംഭിച്ചു കഴിഞ്ഞു. നിരവധി പുതിയ സാമ്പത്തിക സഹായ പദ്ധതികളും പ്രഖ്യാപിക്കാനിരിക്കുകയാണ്. അടിസ്ഥാന സൗകര്യ വികസനത്തിലും വലിയ പ്രഖ്യാപനം വന്നുകഴിഞ്ഞു.

ഒരു ലക്ഷം പുതു സംരംഭങ്ങൾ ആരംഭിക്കുന്ന പദ്ധതിയുടെ ഭാഗമായി സംരംഭകർക്ക് ലഭ്യമാകുന്ന പ്രധാന പദ്ധതികളും, സേവനങ്ങളും, സൗകര്യങ്ങളും എന്തെല്ലാമാണ്.

1. എല്ലാ പഞ്ചായത്തിലും ഇന്റേൺമാർ

ഗ്രാമപഞ്ചായത്തുകൾ/ മുൻസിപ്പാലിറ്റികൾ, കോർപറേഷനുകൾ എന്നിവിടങ്ങളിലെ സംരംഭ വ്യാപന പ്രവർത്തനങ്ങൾക്കായി പുതിയ സംവിധാനം കൊണ്ടുവരികയാണ്. സംരംഭ വികസനത്തിന് ചുക്കാൻ പിടിക്കുന്നതിന് താഴെ തലത്തിൽ പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥന്റെ സേവനമാണ് ലഭ്യമാക്കുകയാണ്. ഇതിനായി 1115 ഇന്റേൺമാരെ നിയമിച്ചു കഴിഞ്ഞു. എം. ബി. എ/ ബി. ടെക് ബിരുദധാരികളാണ് ഈ ഇന്റേൺമാർ എന്നതും ശ്രദ്ധേയമാണ്. ഇവരാണ് താഴെ തലത്തിൽ സംരംഭ വികസന പരിപാടികൾ നടപ്പിലാക്കുക. ഒരു ലക്ഷം സംരംഭങ്ങൾക്കായി ഒരു പ്രദേശത്ത് ഒരു വ്യവസായ ഓഫീസറുടെ സേവനം ലഭ്യമാക്കുന്ന സ്ഥിതി ഇതുമൂലം ഉണ്ടാകും.

2. ഏകദിന ശില്പശാലകൾ പഞ്ചായത്തുകൾ തോറും

പഞ്ചായത്തുകൾ തോറും ഏകദിന ശില്പ ശാലകൾ നടത്തിക്കൊണ്ടായിരിക്കും ഒരു ലക്ഷം സംരംഭങ്ങൾ എന്ന ക്യാമ്പയിൻ ആരംഭിക്കുക. ഓരോ പ്രദേശത്തിനും അനുയോജ്യമായ സംരംഭങ്ങൾ, വായ്പകൾ, ലൈസൻസുകൾ, സബ്സിഡികൾ, സാങ്കേതിക വിദ്യകൾ എന്നിവ സംബന്ധിച്ച് അറിവ് പകരുന്നതായിരിക്കും ശില്പശാലകൾ. വായ്പകൾ, ലൈസൻസുകൾ എന്നിവയ്ക്കായി പ്രത്യേക മേളകളും സംഘടിപ്പിക്കും.

3. പ്രവാസികൾക്ക് ഉയർന്ന പരിഗണന

പ്രവാസി സംരംഭകരെയാണ് കൂടുതലായും ഈ പദ്ധതിയിൽ ലക്ഷ്യം വെയ്ക്കുന്നത്. സാങ്കേതിക വിദ്യ, നോർക്കയുമായി സഹകരിച്ച് കുറഞ്ഞ പലിശ നിരക്കിൽ വായ്പ എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികളും ഉണ്ടാകും.

4. കേരള ബ്രാന്റ്

സംരംഭകരുടെ വിപണന പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിന് കേരള ബ്രാന്റ് ഉപയോഗപ്പെടുത്താനാണ് ശ്രമം. വിദഗ്ദ്ധ സമിതി തയ്യാറാക്കുന്ന ഗുണനിലവാരം പാലിക്കുന്ന എല്ലാ ഉല്പന്നങ്ങൾക്കും ഈ ബ്രാന്റ് നൽകുകയും വിപണിയിൽ അവയെ ആകർഷകമാക്കി മാറ്റുകയുമാണ് ലക്ഷ്യം. ഡിജിറ്റൽ വിപണന സാധ്യതകളും ഉപയോഗപ്പെടുത്തും.

5. ഉദാരമാകുന്ന ലൈസൻസുകൾ

റെഡ് കാറ്റഗറിയിൽ വരാത്ത സംരംഭങ്ങളുടെ കാര്യത്തിൽ ലൈസൻസുകളിൽ നിന്നുള്ള ഇളവ് ഇപ്പോൾത്തന്നെ നിലവിലുണ്ട്. മതിയായ രേഖകളോടെ സമർപ്പിക്കുന്ന അപേക്ഷകളിൽ 7 ദിവസത്തിനകം ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കും. കെ- സ്വിഫ്റ്റ് സംവിധാനം മികച്ച രീതിയിൽ ഉപയോഗപ്പെടുത്തും.

6. താലൂക്ക് വ്യവസായ ഓഫീസുകൾ ഇനി ഫെസിലിറ്റേഷൻ സെന്ററുകൾ

ഒരു ലക്ഷം പുതുസംരംഭങ്ങൾ കൊണ്ടുവരുന്നതിന്റെ ഭാഗായി താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ കേന്ദ്രങ്ങളായി രൂപപ്പെടുത്തുകാണ്. ഇതിനായി 57 താലൂക്ക്തല റിസോഴ്സ് ഓഫീസർമാരെ പുതുതായി തിരഞ്ഞെടുത്ത് പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ പദ്ധതികൾ മാത്രമല്ല മറ്റ് വകുപ്പുകളിൽ നിന്നുള്ള അനുമതികളും ഇവിടെ നിന്നും ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഫുഡ് സേഫ്റ്റി, പായ്ക്കർ തുടങ്ങിയ ലൈസൻസുകളും അനുമതികളും സാധാരണ സംരംഭകർക്ക് ലഭ്യമാകും. തികച്ചും സൗജന്യമായി ഈ സേവനം ഉപയോഗപ്പെടുത്താം.

7. സഹകരണ വകുപ്പുമായി കൈകോർക്കുന്നു

കുറഞ്ഞ പലിശയിൽ വായ്പ ലഭ്യമാക്കുന്നതിന് സഹകരണ മേഖലയെ ഉപയോഗപ്പെടുത്താനുള്ള ശ്രമങ്ങളും നടന്നു വരുന്നു. കേരളത്തിലെ സഹകരണ മേഖലയുടെ സ്വാധീനം ഏവർക്കും നന്നായി അറിയാം. പ്രാഥമിക സഹകരണ സംഘങ്ങൾ, അർബൻ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, കാർഷിക ഗ്രാമ വികസന ബാങ്കുകൾ മറ്റ് സഹകരണ സ്ഥാപനങ്ങൾ ഉൾപ്പെടെ 25,000 ക്രെഡിറ്റ് സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു എന്നാണ് കണക്ക്. ഇവിടെ നിന്നും കുറഞ്ഞ പലിശയിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തും.

8. പദ്ധതി പരിഹാര സെൽ

ജില്ലാ സംസ്ഥാനതലത്തിൽ സംരംഭകരുടെ പരാതികൾ തത്സമയം പരിഹരിക്കുന്നതിനായുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഇതിനായി ഒരു പരാതി പരിഹാര സെൽ പ്രവർത്തനം ആരംഭിച്ചു. ഈ സെൽ കൈക്കൊള്ളുന്ന തീരുമാനം 15 ദിവസത്തിനുള്ളിൽ നടപ്പാക്കണം. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരിൽ നിന്നും പിഴ ഈടാക്കും. സംരംഭകരുടെ സംശയങ്ങളും പ്രശ്നങ്ങളും പരിഹരിയ്ക്കുന്നതിന് ജില്ലകൾ തോറും സംരംഭകത്വ ക്ലിനിക്കുകൾക്കും സർക്കാർ രൂപം നൽകിയിരുന്നു. സംസ്ഥാനത്തെ മുഴുവൻ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ഈ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. സൗജന്യ നിയമ ഉപദേശവും ഇത്തരം സംവിധാനം വഴി സംരംഭകർക്ക് ഉറപ്പ് വരുത്തുവാൻ കഴിയും.

9. പുതിയ സാമ്പത്തിക സഹായ പദ്ധതികൾ

ഫണ്ട് കണ്ടെത്തുക എന്നത് എളുപ്പമാക്കുവാൻ നിരവധി പദ്ധതികൾ സർക്കാരിനുണ്ട്. ഇപ്പോൾ നടപ്പാക്കി വരുന്ന സ്വയം തൊഴിൽ വായ്പാ പദ്ധതികൾ നിരവധിയാണ്. നാനോ സംരംഭങ്ങൾക്ക് 40% വരെ

> ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി പുതിയ പദ്ധതികളും ഉടൻ പ്രഖ്യാപിയ്ക്കും എന്നാണ് അറിയുന്നത്. വ്യവസായം, സേവനം, കച്ചവടം, ഫാമുകൾ തുടങ്ങിയ രംഗങ്ങളിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പാ അധിഷ്ഠിത സബ്സിഡി പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്.

ഗ്രാന്റ് നൽകുന്ന പദ്ധതി 35% വരെ സബ്സിഡി അനുവദിക്കുന്ന പ്രധാനമന്ത്രി തൊഴിൽ സൃഷ്ടി പദ്ധതി വായ്പ എടുത്താലും ഇല്ലെങ്കിലും സർക്കാർ സബ്സിഡി ഉറപ്പ് നൽകുന്ന എന്റർപ്രണർ സപ്പോർട്ട് സ്കീം, കരകൗശലക്കാർക്ക് ആഷ പദ്ധതി, ഇവ നിലവിൽ വ്യവസായ വകുപ്പ് വഴി നടപ്പാക്കി വരുന്ന പ്രധാന പദ്ധതികൾ ആണ്. ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി പുതിയ പദ്ധതികളും ഉടൻ പ്രഖ്യാപിയ്ക്കും എന്നാണ് അറിയുന്നത്. വ്യവസായം, സേവനം, കച്ചവടം, ഫാമുകൾ തുടങ്ങിയ രംഗങ്ങളിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പാ അധിഷ്ഠിത സബ്സിഡി പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്.

10. സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ; നടപടികൾ ലളിതമാക്കി സംസ്ഥാന സർക്കാർ

സ്വകാരയ വ്യവസായ എസ്റ്റേറ്റുകൾ തുടങ്ങുന്നതിനുള്ള നടപടികൾ ലഘൂകരിച്ചിരിക്കുകയാണ് സംസ്ഥാന സർക്കാർ. ഏറെക്കാലത്തെ സംരംഭകരുടെ ആവശ്യമായിരുന്നു ഇത്. സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ സംബന്ധിച്ച് 2017-ൽ സംസ്ഥാന സർക്കാർ ഒരു ഉത്തരവ് ഇറക്കിയെങ്കിലും ഫലപ്രദമായില്ല. ഈ ഉത്തരവിലെ പോരായ്മകൾ പരിഹരിച്ചുകൊണ്ട് ഏപ്രിൽ 2 നാണ് പുതുക്കിയ ഉത്തരവ് ഇറക്കിയിരിക്കുന്നത്. സ്ഥലപരിമിതി സംരംഭ വികസനത്തിന് ഒരു തടസ്സം തന്നെയാണ്. ഈ കുറവ് പരിഹരിയ്ക്കാനുള്ള ഫലപ്രദമായ ഒരു ശ്രമമാണ് സർക്കാർ നടത്തിയിരിക്കുന്നത്. നടപടികൾ ലളിതമാകുന്നു, എളുപ്പത്തിൽ നടപ്പാക്കാൻ കഴിയുംവിധം ഏരിയായും നിശ്ചയിച്ചിരിക്കുന്നു.

10 ഏക്കറിൽ തുടങ്ങാം

ഗ്രാമ-നഗര വ്യത്യാസമില്ലാതെ 10 ഏക്കറിൽ കുറയാത്ത സ്ഥലത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ തുടങ്ങാം. ബഹുനില സമുച്ചയങ്ങൾക്ക് 5 ഏക്കർ മതിയാകും. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ (എസ്. ഡി. എഫ്) ആണ് 5 ഏക്കറിൽ നിർമ്മിക്കുക. വ്യവസായ എസ്റ്റേറ്റുകൾക്ക് ഭൂമി പരിഗണിക്കുമ്പോൾ ഏതാനും മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്.

(എ) പരിസ്ഥിതി ലോലപ്രദേശങ്ങൾ, നെൽവയൽ- തണ്ണീർത്തടങ്ങൾ, തീരദേശ

മേഖലകൾ എന്നീ സ്ഥലങ്ങൾ ആയിരിക്കരുത്.

(ബി) സ്ഥലത്തിന് മറ്റെന്തെങ്കിലും നിയന്ത്രണമുണ്ടെങ്കിൽ അത്തരം പ്രദേശങ്ങളും പരിഗണിക്കില്ല.

(സി) വൈദ്യുതി, വെള്ളം, ഗതാഗത സൗകര്യം എന്നിവ ഉറപ്പ് വരുത്തണം. പരിസ്ഥിതിയേയും പരിഗണിക്കണം.

(ഡി) അനുമതി ലഭിച്ചാൽ രണ്ട് വർതഷത്തിനുള്ളിൽ എസ്റ്റേറ്റ് പ്രവർത്തനക്ഷമമാക്കണം.

(ഇ) പൊതു വൈദ്യുതി, സ്ട്രീറ്റ് ലൈറ്റ്, റോഡ്, വാട്ടർ സപ്ലൈ, മാലിന്യ നിർമ്മാർജ്ജന സൗകര്യങ്ങൾ, സീവേജ് നിർമ്മാർജ്ജന സൗകര്യങ്ങൾ എന്നിവ ഉറപ്പ് വരുത്തണം.

(എഫ്) റെഡ് കാറ്റഗരി സംരംഭങ്ങൾ അനുവദിക്കാൻ പാടില്ല.

(ജി) വ്യവസായ യൂണിറ്റുകൾക്കാണ് സ്ഥലം നൽകേണ്ടത്. എന്നിരുന്നാലും ഗോഡൗണുകൾ, ലോജിസ്റ്റിക് സർവ്വീസുകൾ, വാഹന റിപ്പയറിംഗ്/ സർവ്വീസിംഗ് എന്നിവയ്ക്ക് സ്ഥലം അനുവദിക്കാവുന്നതാണ്. എന്നാൽ ഷോറൂമുകൾ പാടില്ല.

(എച്ച്) ഫോറം നമ്പർ-1 ൽ അപേക്ഷ സമർപ്പിക്കണം. 2-ൽ അനുമതി ലഭിക്കും. വ്യവസായ വാണിജ്യ ഡയറക്ടർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

3 കോടി വരെ സർക്കാർ സഹായം

സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് 3 കോടി രൂപ വരെ സർക്കാർ ഗ്രാന്റും ലഭിയ്ക്കുന്നതാണ്. ഏക്കർ ഒന്നിന് 30 ലക്ഷം രൂപ പ്രകാരം പരമാവധി 3 കോടി വരെയാണ് ഇങ്ങനെ ലഭിക്കുക.

റോഡ്, വൈദ്യുതി, വെള്ളം, മാലിന്യ നിർമ്മാർജ്ജനം, കാന നിർമ്മാണം, പൊതുസേവന സൗകര്യങ്ങൾ, ലാബ് സംവിധാനം എന്നിവയ്ക്ക് ആവശ്യമായ നിക്ഷേപം പരിഗണിച്ചാണ് ഗ്രാന്റ് അനുവദിക്കുന്നത്.

കമ്പനികൾ സഹകരണ സ്ഥാപനങ്ങൾ, ചാരിറ്റബിൾ സ്ഥാപനങ്ങൾ, എം. എസ്. എം. ഇ കൺസോർഷ്യങ്ങൾ, എന്നിവർക്ക് സ്വകാര്യ എസ്റ്റേറ്റുകൾ തുടങ്ങാവുന്നതാണ്. ഏരിയായുടെ കാര്യത്തിൽ ആവശ്യമെങ്കിൽ കെ. എൽ. ആർ. ആക്ടിൽ ഇളവ് അനുവദിക്കുകയും ചെയ്യും.

എസ്റ്റേറ്റുകൾ കൊണ്ട് ലഭിക്കുന്ന നേട്ടങ്ങൾ

പ്രഖ്യാപിക്കപ്പെടുന്ന സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് സർക്കാർ എസ്റ്റേറ്റുകളിൽ സംരംഭകർക്ക് ലഭിക്കുന്ന മുഴുവൻ ആനുകൂല്യങ്ങളും,

സൗകര്യങ്ങളും ലഭിക്കും.

* തദ്ദേശ സ്വയംഭരണ സ്ഥാപന അനുമതി കൂടാതെ സംരംഭങ്ങൾ ആരംഭിക്കാം.
* കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവുകൾ ലഭിക്കും.
* പ്രത്യേക സാമ്പത്തിക മേഖല (എസ്. ഇ. ഇസഡ്) ആയി പ്രഖ്യാപിക്കുന്നതിനും അതനുസരിച്ചുള്ള സൗകര്യങ്ങൾ നേടിയെടുക്കുന്നതിനും കഴിയും.
* ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയും സർക്കാർ സബ്സിഡിയും ലഭിക്കുക എളുപ്പമായിരിക്കും.
* പൊതുസേവന സൗകര്യങ്ങൾ ലഭിക്കുന്നതിനാൽ സ്ഥാപിത ചെലവുകൾ വലിയ അളവിൽ കുറയ്ക്കുവാൻ കഴിയും. പ്രത്യേകിച്ച് വൈദ്യുതി, മാലിന്യ നിർമ്മാർജ്ജനം എന്നീ രംഗത്ത്.
* 'Plug & Play' എന്ന രീതിയിൽ ബഹുനില വ്യവസായ സമുച്ചയങ്ങളിൽ സംരംഭങ്ങൾ തുടങ്ങാൻ കഴിയും.
* എല്ലാത്തിലും ഉപരിയായി മാറ്റി വയ്ക്കപ്പെട്ട സ്ഥലത്ത് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്നതിനാൽ പരിസ്ഥിതി പ്രശ്നങ്ങൾ പരമാവധി കുറയ്ക്കാൻ കഴിയും. ■

(സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ)

റോയൽ ഫ്ളോർമിൽ
കാഞ്ഞിരമല, പേപ്പർമിൽ പി. ഒ., പുനലൂർ
ഫോൺ: 7510843350 Lic.No: 1137

ഉൽപ്പന്നങ്ങൾ
• മുളക് പൊടി (3 തരം)
• മല്ലിപൊടി
• മഞ്ഞൾപൊടി (നാടൻ)
• ഗോതമ്പ് പൊടി
• അരി പൊടി

ധാന്യങ്ങൾ പൊടിച്ചു കൊടുക്കപ്പെടും

കഴുകി ഉണക്കി പൊടിച്ച് മിതമായി വിലയ്ക്ക് മൊത്തമായും ചില്ലറയായും കൊടുക്കപ്പെടും.

10 കിലോമീറ്റർ ചുറ്റളവിൽ (ഉൽപ്പന്നങ്ങൾ 10 കിലോയ്ക്ക് മുകളിൽ വാങ്ങുന്നവർക്ക്) ഹോം ഡെലിവറി സൗകര്യം ലഭ്യമാണ്.

ഇ. കെ. രവീന്ദ്രനാഥൻ നായർ



വികസന വഴിയിലെ നാഴികക്കല്ല്

ഓരോ സംരംഭവും ഒന്നോ അതിലേറെയോ സംരംഭകരുടെ സ്വപ്നസാക്ഷാത്കാരമാണ്. ദീർഘകാലത്തെ ശ്രമഫലമായി അവരെത്തിച്ചേരുന്ന ലക്ഷ്യസ്ഥാനമാണത്. എന്നാൽ സ്വപ്നം പൂവണിയുന്നതിന് സംരംഭത്തിന്റെ തുടക്കം കൊണ്ടു മാത്രമാകുന്നില്ല. സുഗമമായ പ്രവാഹം പോലെ സംരംഭം പ്രവർത്തിയ്ക്കണം. അസംസ്കൃത വസ്തുക്കളുടെ സ്വാർത്ഥകമായ സങ്കലനം മാത്രമല്ല, അതിൽ നിന്നു രൂപപ്പെടുന്ന ഉല്പന്നങ്ങളുടെ വിപണിയിലെ അംഗീകാരം കൂടിയാണ് ഒരു സംരംഭകൻ ലക്ഷ്യമിടുന്നത്. അതീവശ്രദ്ധയോടെ തികഞ്ഞ ജാഗ്രതയോടെ വിപണിയിൽ "പ്ലേയ്സ്" ചെയ്യപ്പെടുന്ന ഉല്പന്നങ്ങൾ എപ്രകാരം ഉപഭോക്താക്കൾ സ്വീകരിയ്ക്കുന്നു അവരുടെ പ്രതീക്ഷയ്ക്കൊത്ത് ഉല്പന്നങ്ങളെത്തിയോ, ഇല്ലെങ്കിൽ എന്തൊക്കെയാണു മാറ്റങ്ങൾ വേണ്ടത്, പൊതുജനങ്ങളിലേയ്ക്ക് ഉല്പന്നമെത്തിച്ചേരാൻ എന്തൊക്കെ തന്ത്രങ്ങളാണ് പയറ്റേണ്ടത് തുടങ്ങിയ

റിലീസിങ്ങ് ഡേ തന്നെ പ്രേക്ഷകർ ചിത്രത്തെ തള്ളുമോ അതോ ബോക്സോഫീസ് ഹിറ്റായി മാറുമോ എന്ന ചിന്തയാണിവിടെ മൂവരെയും മഥിയ്ക്കുന്നത്. സാങ്കേതിക പ്രവർത്തകരും നടീനടന്മാരും മറ്റു കലാകാരന്മാരും തങ്ങളുടെ പ്രതിഫലവുമായി മടങ്ങിക്കഴിഞ്ഞു. പക്ഷെ മുടക്കിയ മുതൽ നിർമ്മാതാവിനും വിതരണക്കാരനും തിരികെ പലിശ സഹിതം കിട്ടിയാലേ പടം വിജയിയ്ക്കൂ.

നിരവധി കാര്യങ്ങൾ ഒരു ഉല്പാദകൻ, അല്ലെങ്കിൽ ഒരു കൂട്ടം ഉല്പാദകർ ശ്രദ്ധിച്ചുകൊണ്ടേയിരിയ്ക്കണം ലോഞ്ചിങ്ങ് യാഡ് മുതൽ പ്ലേസിങ്ങ് കപ്ബോർഡ് വരെ എന്നു പറയാറില്ലേ. വിപണിയിലിറക്കുന്ന നിമിഷം മുതൽ അവ ഷോറൂമുകളിലെ ഓപ്പൺ ഷോക്കെയ്സുകളിൽ എത്തിച്ചേരുന്ന നിമിഷം വരെയും സംരംഭകന് അഥവാ സംരംഭകർക്ക് തികഞ്ഞ മാനസിക സംഘർഷം ഉണ്ടാവും. പോസ്റ്റ് പ്രൊഡക്ഷൻ ആൻക്സൈറ്റി എന്നിതിനെ പറയാറുണ്ട്. നിർമ്മാതാവിനും സംവിധായകനും വിതരണക്കാരനും തങ്ങളുടെ ഫിലിം റിലീസായിക്കഴിഞ്ഞുണ്ടാകുന്ന മാനസികാവസ്ഥയും ഇതിനു തുല്യമാണ്. റിലീസിങ്ങ് ഡേ തന്നെ പ്രേക്ഷകർ ചിത്രത്തെ തള്ളുമോ അതോ ബോക്സോഫീസ് ഹിറ്റായി മാറുമോ എന്ന ചിന്തയാണിവിടെ മൂവരെയും മഥിയ്ക്കുന്നത്. സാങ്കേതിക പ്രവർത്തകരും നടീനടന്മാരും മറ്റു കലാകാരന്മാരും തങ്ങളുടെ പ്രതിഫലവുമായി മടങ്ങിക്കഴിഞ്ഞു. പക്ഷെ മുടക്കിയ മുതൽ നിർമ്മാതാവിനും വിതരണക്കാരനും തിരികെ പലിശ സഹിതം കിട്ടിയാലേ പടം വിജയിയ്ക്കൂ. ഇതിനായി പരസ്യങ്ങളുടെ അനന്തസാധ്യതകൾ അവർ ഉപയോഗിയ്ക്കും. പ്രചരണത്തിനുള്ള വിവിധ മാർഗങ്ങൾ അവർ തേടും. അതുപോലെ തന്നെ ഉല്പന്നങ്ങളുടെ വിസ്തൃത വിപണിയിൽ സ്വന്തമായൊരിടം ഉണ്ടാക്കാൻ ഉല്പാദകരും നിരന്തരം പണിയെടുക്കും. ഇതിനു സഹായകമാവുന്നതാണ് ഓരോ സംരംഭത്തിന്റെയും ആർ ആന്റ് ഡി (റിസർച്ച് ആന്റ് ഡവലപ്മെന്റ്) വിഭാഗം.

സംരംഭത്തിന്റെ വികാസ പരിണാമങ്ങൾക്കു നാന്ദി കുറിയ്ക്കലാണ് ആർ ആന്റ് ഡി യുടെ പ്രധാന പ്രവർത്തനങ്ങൾ. ആർ എന്നത് റിസർച്ച് അഥവാ ഗവേഷണ നിരീക്ഷണങ്ങളിൽ വിപണി നിരീക്ഷണം, ഉല്പന്ന നിരീക്ഷണം, ഉപഭോക്തൃ നിരീക്ഷണം എന്നിവയാവാം. തങ്ങൾ നിർമ്മിച്ച അല്ലെങ്കിൽ നിർമ്മിയ്ക്കാൻ ഉദ്ദേശിയ്ക്കുന്ന

ഉല്പന്നത്തിനു തത്തുല്യമോ സാമ്യമോ ഉള്ളവയുടെ നിലവിലെ വിപണി അവയുടെ പാക്കിങ്ങ്, വില, നിറം, മണം, തൂക്കം എന്നിവയെല്ലാം വിശദമായി അന്വേഷിച്ചു തയ്യാറാക്കുന്ന യാഥാർത്ഥ്യബോധമുള്ള റിപ്പോർട്ടാണ് ഉല്പാദകന് അല്ലെങ്കിൽ ഉല്പാദകർക്ക് നയരൂപീകരണത്തിനു സഹായകമാവുന്നത്. നിലവിലെ ഉല്പന്നങ്ങളുടെ ഗുണദോഷങ്ങൾ സമ്പൂർണമായി വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ മാർക്കറ്റ് സ്കാൻ നടത്തി ഉല്പന്നം പുറത്തിറക്കുകയും ചെയ്താലേ പുതിയ ഉല്പന്നത്തിന് ഇടം നേടാനാവൂ. പ്രോഡക്റ്റ് സ്കാനിൽ നിലവിലെ ഉല്പന്നത്തിന്റെ എല്ലാ വശങ്ങളും വിലയിരുത്തപ്പെടുന്നു. മൂന്നാമത്തേതാണ് കൺസ്യൂമേഴ്സ് സ്കാൻ. ഇതിൽ ഗുണഭോക്താക്കളുടെ പ്രായം, പ്രദേശം, ഉപഭോഗത്തോത്, ജീവിതസാഹചര്യം എല്ലാം വിശകലനം ചെയ്യപ്പെടുന്നു. അവർ സമാന ഉല്പന്നങ്ങളിൽ ഏതിനോടാണു കൂടുതൽ ആഭിമുഖ്യം കാട്ടുന്നതെന്നും അതിന്റെ കാരണമെന്താണെന്നും ഇവിടെ പരിശോധിയ്ക്കപ്പെടുന്നു.

തുടർന്നാണു സ്ട്രാറ്റജി രൂപീകരണത്തിലേക്കു വഴിമാറുന്നത്. കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കാൻ പുതുമകൾ ആവിഷ്കരിയ്ക്കുകയാണിവിടെ. ഇന്നേവരെ തിയറികൾ ആയി നടത്തിയതെല്ലാം ഇനി പ്രായോഗികതലത്തിലേക്കു മാറ്റപ്പെടുന്നു. ആർ എന്നത് ഡി യ്ക്കു വഴിമാറുന്നു എന്നർത്ഥം.

റിസർച്ചിലൂടെ ലഭിച്ച വിവരങ്ങളുടെ വിശകലനം ഉരുത്തിരിച്ചെടുത്ത സ്പെസിഫിക്കേഷൻസ് നേരേ പ്രോഡക്റ്റ് ഡവലപ്മെന്റ് സെല്ലിനു കൈമാറുന്നു. പ്രായോഗിക പരിജ്ഞാനമുള്ള കെമിസ്റ്റുകൾ, അനലിസ്റ്റുകൾ ഇവർക്കാണിനി തല പുണ്ണാക്കേണ്ട ചുമതല. നിരീക്ഷണഫലമായി തെരഞ്ഞെടുക്കപ്പെട്ട നിറവും, മണവും, രുചിയുമെല്ലാം ഉപഭോക്താക്കളുടെ ആരോഗ്യത്തെ ഹനിയ്ക്കാത്ത രീതിയിലുള്ള ഉല്പന്നമാക്കി മാനേജ്മെന്റിനു മുമ്പിൽ എത്തിയ്ക്കുകയും അവയ്ക്ക് അവർ നിർദ്ദേശിയ്ക്കുന്ന മാറ്റങ്ങൾ വരുത്തുകയും ചെയ്യുക എന്നതു നിസ്സാര കാര്യമല്ല. കോസ്മറ്റിക്സ്, ഫുഡ് മെറ്റീരിയൽസ് തുടങ്ങി എന്തുമാകട്ടെ, ഇവ കർശന ഗുണപരിശോധനകൾക്കു വിധേയമാക്കേണ്ടതുണ്ട്. കാലം പഴയതല്ല. ഉപഭോക്താക്കൾ ഇന്ന് ഏറെ യുക്തിസഹമായി ചിന്തിയ്ക്കുന്നവരാണ് ആയതിനാൽ അവരുടെ ആവശ്യങ്ങൾ സാധിതമാക്കാൻ

എല്ലായിടത്തും വ്യത്യസ്തതകളാണല്ലോ മനുഷ്യർ തേടുക. പരമ്പരാഗത പരസ്യശൈലിയ്ക്കല്ല ഇന്നു വിപണിയിൽ സ്ഥാനം. ബോർഡുകൾ, ബാനറുകൾ കട്ടൗട്ടുകൾ തുടങ്ങിയവയ്ക്കുള്ളതിനേക്കാൾ പ്രാധാന്യം പുതിയ പ്രചരണ പരിപാടികൾക്കാണ്. ഉല്പന്നത്തിന്റെ സ്വഭാവമനുസരിച്ച് പരസ്യതന്ത്രങ്ങൾ മെനയുന്നതും ആർ ആന്റ് ഡി യുടെ ചുമതലയിൽ വരും.

ഓരോ ഉല്പാദകനും ബാധ്യതയുണ്ട്.

ഇനി പ്രചരണ തന്ത്രങ്ങളുടെ വിശകലനമാണ്. എല്ലായിടത്തും വ്യത്യസ്തതകളാണല്ലോ മനുഷ്യർ തേടുക. പരമ്പരാഗത പരസ്യശൈലിയ്ക്കല്ല ഇന്നു വിപണിയിൽ സ്ഥാനം. ബോർഡുകൾ, ബാനറുകൾ കട്ടൗട്ടുകൾ തുടങ്ങിയവയ്ക്കുള്ളതിനേക്കാൾ പ്രാധാന്യം പുതിയ പ്രചരണ പരിപാടികൾക്കാണ്. ഉല്പന്നത്തിന്റെ സ്വഭാവമനുസരിച്ച് പരസ്യതന്ത്രങ്ങൾ മെനയുന്നതും ആർ ആന്റ് ഡി യുടെ ചുമതലയിൽ വരും. അവർ നൽകുന്ന സൂചനകൾ വെച്ചാണ് പി ആർ (പബ്ലിക് റിലേഷൻസ്) വിഭാഗം മീഡിയാ പ്ലാൻ ഉണ്ടാക്കുന്നതും പരസ്യ ഏജൻസികളുമായി തുടർ ചർച്ചകൾ നടത്തുന്നതും. ഒരു ഉല്പന്നം വിപണിയിൽ ഉറയ്ക്കും വരെ പരസ്യങ്ങളുടെ പ്രവാഹം തന്നെ വേണ്ടിവന്നേക്കാം. സമൂഹമാധ്യമങ്ങളിലൂടെ വ്യത്യസ്തമായ പ്രചാരണ പരിപാടികൾ ഇന്നു വിവിധ ഉല്പന്നങ്ങൾക്കായി നടന്നു വരുന്നു. ഗൂഗിൾ മീറ്റും വാട്സ് ആപ്പ് ഗ്രൂപ്പും എഫ് ബി പ്രൊമോഷനുമുൾപ്പെടെ ഡിജിറ്റൽ പ്ലാറ്റ് ഫോയിൽ തട്ടു തകർപ്പൻ പരിപാടികളിന്നു അരങ്ങേറുക. ഇവയ്ക്കും ആസൂത്രണം കൂടിയേ കഴിയൂ. ഉപഭോക്താക്കളുടെ ഉള്ളിൽത്തട്ടുന്ന വിധമുള്ള ആവിഷ്ക്കാരങ്ങൾക്കായി ആർ ആന്റ് ഡി യിൽ തന്നെ ഡിജിറ്റൽ പ്രൊപ്പഗൻഡ വിങ്ങുകൾ ഇന്നു വൻകിട കമ്പനികൾ രൂപീകരിച്ചിട്ടുണ്ട്. ഒരു ഉല്പന്നത്തിന്റെ വികാസ പരിണാമം മുതൽ വിപണന രംഗത്തെ സ്ഥിരത വരെ ആർ ആന്റ് ഡി യുടെ മികവിനെ ആശ്രയിച്ചിരിയ്ക്കുന്നു. ചെറുകിട സംരംഭങ്ങൾക്ക് വിശാലമായ ആർ ആന്റ് ഡി വിഭാഗം കാണണമെന്നില്ല. ഇവിടെ സംരംഭകർ തന്നെയാവും ഇതിനെല്ലാം ചുക്കാൻ പിടിയ്ക്കുക. ചുരുക്കത്തിൽ ഒരു സംരംഭത്തിന്റെ വികസനത്തിനും വളർച്ചയ്ക്കും ആർ ആന്റ് ഡി കൂടിയേ കഴിയൂ.■

ബിനോയ് ജോർജ് പി

പാപ്സ്കോ എൽ ഇ ഡി സൊലൂഷൻസ് – സഹകരണ സംഘത്തിന്റെ വിജയഗാഥ

പാപ്സകോ എൽ ഇ ഡി സൊലൂഷൻസ് തൃശൂരിലെ പാപ്പിനിവട്ടം സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എൽ ഇ ഡി ബൾബുകൾ നിർമ്മിക്കുന്ന വനിത വ്യവസായ യൂണിറ്റാണ്. സഹകരണ മേഖലയിൽ ഇന്ത്യയിൽ തന്നെ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ച്ചവെയ്ക്കുന്ന ബാങ്കിന്റെ വ്യതിരിക്തമായ കാഴ്ചപ്പാടിന്റെയും തനതായ നിലപാടുകളുടെയും അടയാളം കൂടിയാണ് വിജയത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്ന പാപ്സകോ എൽഇഡി നിർമ്മാണ യൂണിറ്റ്. ഒന്നാന്തരം പരിശീലനം നൽകിയ 50 വനിതകളിൽ നിന്നും തെരഞ്ഞെടുത്ത 30 വനിതകളാണ് ഉത്പന്നങ്ങൾ നിർമ്മിക്കുന്നത്. കർണ്ണാടക

ഹസ്സന്നിൽ 200 ഏക്കറിൽ നിർമ്മാണം നടക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ ഹോളിഡേ റിസോട്ടായ റോസറ്റ ഹോളിഡേ ഹോംസിന് ആവശ്യമായ 11 കോടിയോളം രൂപ വിലവരുന്ന എൽ.ഇ.ഡി. ലൈറ്റുകൾ നൽകുന്നത് പാപ്സ്കോ എൽ ഇ ഡി സൊലൂഷൻസാണെന്നു പറയുമ്പോൾ സ്ഥാപന ത്തെക്കുറിച്ചുള്ള ഏകദേശ രൂപം ലഭിക്കും.

ചുവരുകൾ. ഗോവണിപ്പടികൾ,തെരുവുകൾ, ഉദ്യാനങ്ങൾ ,സീലിംഗുകൾ, മതിലുകൾ തുടങ്ങിയ ഇടങ്ങളിലെല്ലാം സ്ഥാപിക്കാനാകുന്ന വിധത്തിലുള്ള എൽഇഡി ബൾബുകൾ ഇവിടെ നിർമിക്കുന്നു. പ്ര തിദിനം ആയിരത്തോളം ബൾബുകളുടെ നിർമ്മാണ ശേഷിയുള്ള യൂണിറ്റാണിത്. അസംസ്കൃത ഭാഗങ്ങൾ ചൈനയിൽ നിന്നും ഹോങ്കോങ്ങിൽ നിന്നുമാണ് നേരിട്ട് ഇറക്കുമതി ചെയ്യുന്നത്. ഇവ ഇവിടെ കൂട്ടിയോജിപ്പിക്കുകയാണ്. സാങ്കേതിക വ്യാപാര സഹകരണത്തിന്റെ ഭാഗമായി ചൈനയിൽ നിന്നുള്ള പ്രതിനിധികൾ ബാങ്കിൽ എത്തിയിരുന്നു. എല്ലാവിധ ഗുണമേന്മ സർട്ടിഫിക്കറ്റുകളും ഉയർന്ന തലത്തിലുള്ള നിർമ്മാണ അനുമതിയും യൂണിറ്റിന് ലഭിച്ചിട്ടുണ്ട് . എം എസ് എം ഇ യൂണിറ്റായ പാപ്സ്കോക്ക് ഇംപോർട്ട്-എകസ്പോർട്ട് ലൈസൻസുണ്ട്. ഐഎസ്ഒ സർട്ടിഫിക്കേഷൻ, ബിഐഎസ് ക്വാളിറ്റി സർട്ടിഫിക്കേഷൻ, ട്രേഡ് മാർക്ക് രജിസ്ട്രേഷൻ എന്നിവയുള്ള ഒരു മികച്ച വനിത യൂണിറ്റാണിത്. കോർപ്പറേറ്റ് സ്ഥപനങ്ങളിൽ നിന്നും എൽഇഡി പ്രോജക്ടുകൾ ഏറ്റെടുത്തു നല്ല രീതിയിൽ ചെയ്യുന്നുണ്ടെങ്കിലും കേരളത്തിലെ പ്രദേശിക വിപ ണിയിലേക്ക് ഇതുവരെ പാപ്സ്കോ എൽഇഡി സൊല്യൂഷൻ ലോഞ്ച് ചെയ്തിട്ടില്ല. ഉടനെ ഈ മേഖലയിൽ കൂടി ശക്തമായ സാന്നിധ്യമാകാനുള്ള നീക്കത്തിലാണ് ഇവർ. കൊവിഡിനു മുൻപ്

ചുവരുകൾ. ഗോവണിപ്പടികൾ,തെരുവുകൾ,
ഉദ്യാനങ്ങൾ ,സീലിംഗുകൾ, മതിലുകൾ തുടങ്ങിയ
ഇടങ്ങളിലെല്ലാം സ്ഥാപിക്കാനാകുന്ന വിധത്തിലുള്ള
എൽഇഡി ബൾബുകൾ ഇവിടെ നിർമിക്കുന്നു.
പ്രതിദിനം ആയിരത്തോളം ബൾബുകളുടെ
നിർമ്മാണ ശേഷിയുള്ള യൂണിറ്റാണിത്.

ആരംഭിച്ചെങ്കിലും ആ രണ്ടുവർഷങ്ങൾ ഉപയോഗപ്പെടുത്താൻ സാധിക്കാത്ത അവസ്ഥയിലായിരുന്നു.

വാൾ ലാമ്പ്, പാനൽ ലാമ്പ്, ഹാങ്ങിങ്ങ് ലാമ്പ് എന്നിങ്ങനെ മൂന്ന് വിഭാഗത്തിൽപ്പെട്ട എൽ.ഇ.ഡി ലൈറ്റുകളാണ് പ്രധാനമായും പാപ്സ്കോയിൽ ഉല്പാദിപ്പിക്കുന്നത്. വാൾ ലാമ്പിൽ തന്നെ ഏകദേശം 22 തരം വൈവിധ്യമേറിയ മോഡലുകളുണ്ട്. അക്രലിക് വാൾ ലാമ്പ്, മിറർ വാൾ ലാമ്പ്, സ്പ്രിങ്ങ് വാൾ ലാമ്പ്, എന്നിങ്ങനെ പതിനെട്ട് വാട്ട് മുതൽ നാല്പത് വാട്ടു വരെയുള്ള ലാമ്പുകളുണ്ട്, മോഡലിന്റെയും വാൾട്ടിന്റെയും വ്യത്യാസമനുസരിച്ച് 1800 രൂപ മുതൽ 4100 രൂപ വരെ വില വരുന്ന വാൾ ലാമ്പുകൾ ഇവിടെ നിർമ്മിക്കുന്നുണ്ട്. സ്ക്വയർ

പാനൽ, സ്ലിം പാനൽ, സർഫേസ് ആർ ഡി എന്നിങ്ങനെ ഏകദേശം 49 മോഡൽ പാനൽ ലൈറ്റുകൾ, എട്ട് വാട്ട് മുതൽ ഇരുപത്തിരണ്ട് വാട്ട് വരെയുള്ള വിവിധതരങ്ങളിൽ ലഭിക്കും. ഇത്തരം ലൈറ്റുകൾക്ക് 200 രൂപ മുതൽ 1210 രൂപ വരെയാണ് എം ആർ പി . അലങ്കാരങ്ങൾക്ക് മാത്രമല്ല ഗാർഹിക ആവശ്യങ്ങൾക്കും ഫിലമെൻറ് രഹിത എൽ.ഇ.ഡി. ലൈറ്റുകളാണ് കൂടുതലായും ഉപയോഗിക്കുന്നത്. ഏതാണ്ട് അമ്പത്തൊന്ന് മോഡൽ ഹാങ്ങിങ്ങ് ലൈറ്റുകൾ ഇവിടെ നിർമ്മിക്കുന്നുണ്ട്. 9 വാട്ടിന്റെ 140 രൂപയുള്ള ബൾബ് മുതൽ 100 വാട്ടിന്റെ 3600 രൂപ വിലവരുന്ന ഫ്ളഡ് ലൈറ്റുകൾ വരെ ഇവിടെ നിർമ്മിക്കുന്നു.

വ്യവസായ രംഗത്തേയ്ക്കുള്ള ചുവടുവെയ്പ്പിന്റെ ഭാഗമായി സഹകരണ മേഖലയിൽ ആരംഭിച്ച പാപ്സ്കോ എൽ.ഇ.ഡി. സൊല്യൂഷൻസ് ആന്റ് പാപ്സ്കോ എൽ.ഇ.ഡി ഉല്പാദന യൂണിറ്റ് വിപ്ലവകരമായ ഒന്നാണ്. മറ്റു പ്രമുഖ എൽഇഡി ബൾബ് നിർമ്മാണ കമ്പനികളുമായി മത്സരിക്കാനാകുന്ന മേന്മ ഉത്പന്നങ്ങൾക്കുണ്ടെന്ന അവകാശവാദത്തെ ശരി വയ്ക്കുന്നതാണ് ചുരുങ്ങിയ സമയത്തിനുള്ളിൽ ഇവർക്ക് ലഭിക്കുന്ന സ്വീകാര്യത. എൽഇഡി ലൈറ്റുകൾ വിലകുറവിലും മികച്ച ഗുണനിലവാരത്തിലും നൽകാൻ സാധ്യമാകുമെന്നാണ് ഇവരുടെ ആത്മവിശ്വാസം. മൂന്ന് കോടിയിലധികം രൂപ ചെലവഴിച്ചാണ് വനിത എൽഇഡി ബൾബ് നിർമ്മാണ യൂണിറ്റ് നാലുവർഷം മുൻപ് ബാങ്ക് ആരംഭിച്ചത്. ഇവിടെ ഉല്പാദിപ്പിക്കുന്ന എൽ.ഇ.ഡി-സോളാർ ഉല്പന്നങ്ങൾക്ക് വിപണിയിൽ ഇതിനകം തന്നെ ആവശ്യക്കാരുണ്ട്. ബാങ്കിന്റെ ഹെഡ്ഡോ ഓഫിസിലും ശാഖകളിലുമായി 90കിലോ വാട്ടിന്റെ സോളാർ പവർ പ്ലാന്റ് സ്ഥാപിച്ച് പ്രതിവർഷം 25 ലക്ഷം രൂപയോളം വരുന്ന വൈദ്യുത ചെലവ് ഇവർ ഒഴിവാക്കി. ബാങ്കിലെ എ് ക്ലാസ്സ് മെമ്പർമാർക്ക് എൽ.ഇ.ഡി. ലൈറ്റ്, സോളാർ വാട്ടർ ഹീറ്റർ, സോളാർ പവർ പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് 3% വരെ ഇളവും പലിശ ഇളവും ബാങ്ക് നൽകുന്നുണ്ട്.

ദേശീയതലത്തിൽ ഒരു ലക്ഷത്തോളം വരുന്ന പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും മികച്ച പ്രവർത്തനത്തിനുള്ള നാഷണൽ ഫെഡറേഷൻ ഫോർ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ സുഭാഷ് യാദവ് അവാർഡ് മൂന്നുതവണ പാപ്പിനിവട്ടം ബാങ്ക്

വ്യവസായ രംഗത്തേയ്ക്കുള്ള ചുവടുവെയ്പ്പിന്റെ ഭാഗമായി സഹകരണ മേഖലയിൽ ആരംഭിച്ച പാപ്സ്കോ എൽ.ഇ.ഡി. സൊല്യൂഷൻസ് ആന്റ് പാപ്സ്കോ എൽ.ഇ.ഡി ഉല്പാദന യൂണിറ്റ് വിപ്ലവകരമായ ഒന്നാണ്.

2013 മുതൽ കോർ ബാങ്കിംഗ് സംവിധാനം നിലവിൽ വന്നു. ജില്ല ബാങ്കുമായി സഹകരിച്ച് റു പേ കാർഡ് ഉപയോഗിക്കാവുന്ന ഓൾ ഇന്ത്യ നെറ്റ് വർക്കിൽ പ്രവർത്തിക്കുന്ന രണ്ട് എ.ടി.എം സ്ഥാപിച്ചിട്ടുണ്ട്.

കരസ്ഥമാക്കിയിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ രണ്ടാംസ്ഥാനം ഉൾപ്പെടെ മൂന്നുതവണ സംസ്ഥാന സർക്കാർ പുരസ്കാരവും ലഭിച്ചു. സഹകരണ ബാങ്ക് മൂന്നുതവണ പുരസ്കാരം നൽകി ആദരിച്ചു 2018–2019 മികച്ച പ്രവർത്തനത്തിന് നബാർഡ് അവാർഡ്, 2016 17 സഹകരണ ശ്രേഷ്ഠ അവാർഡ് തുടങ്ങി നിരവധി അംഗീകാരങ്ങളാണ് പ്രവർത്തന മികവിന് ബാങ്കിന് ലഭിച്ചിട്ടുള്ളത്. എല്ലാവിധ ആധുനിക സംവിധാനങ്ങളോടെയാണ് ബാങ്കിന്റെ പ്രവർത്തനം. കെഎസ്ഇബിയുടെ സൗരോർജ്ജ പ്രോജക്ട് കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ ഏറ്റെടുത്ത് നടത്തുന്നത് പാപ്പിനിവട്ടം സഹകരണ ബാങ്ക് ആണ്. താലൂക്ക് അടിസ്ഥാനത്തിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന് ലോണുകൾ ഉൾപ്പെടെ നൽകുന്നുണ്ട്. 30 വർഷമായി ലാഭകരമായി പ്രവർത്തിക്കുന്ന പാപ്പിനിവട്ടം സഹകരണ ബാങ്കിന് അഞ്ച് ബ്രാഞ്ചുകളുണ്ട്. അഞ്ചു മെഡിക്കൽ സ്റ്റോറും മൂന്ന് ലാബുകളും ഡോക്ടേഴ്സ ക്ലിനിക്കും ആംബുലൻസ് സർവീസിനുമെല്ലാം ഇവർ നേതൃത്വം നൽകുന്നു. കൈവച്ച മേഖലകളിലെല്ലാം വിജയം നേടിയ സഹകരണ സ്ഥാപനത്തിന്റെ 50 വർഷത്തെ ചരിത്രം സംഭവബഹുലമാണ്. സ്ഥാപനത്തിലെ നിക്ഷേപം 500 കോടിയും ലോണുകൾ 400 കോടിക്ക് താഴെയുമാണ്. പുതിയ സംരംഭങ്ങളിലേക്ക് ചുവടുറപ്പിക്കുന്നതിന്റെ ഭാഗമായി ഇൻവർട്ടർ നിർമ്മാണത്തിനുള്ള പദ്ധതികളും ബാങ്ക് ആവിഷ്കരിക്കുന്നുണ്ട്.

ജില്ലയിലെ കുളിമുട്ടം, കഴുവിലങ്ങ്, പാപ്പിനിവട്ടം എന്നീ മൂന്ന് വിവിധോദ്ദേശ്യ സഹകരണ സംഘങ്ങൾ സംയോജിച്ച് രൂപം കൊണ്ട പാപ്പിനിവട്ടം സർവ്വീസ് സഹകരണ ബാങ്ക് 1969 ഒക്ടോബർ 30 ന് രജിസ്റ്റർ ചെയ്ത് നവംബർ 21നാണ് പ്രവർത്തനം ആരംഭിച്ചത്. ബാങ്കിന്റെ വിജയം കാര്യക്ഷമതയുള്ള ഭരണസമിതിയുടേയും ജീവനക്കാരുടെയും കഠിന പരിശ്രമം തന്നെയാണ്.

ഐ.സി.ഡി.പി യുടെ പൈലറ്റ് പ്രൊജക്ടിന്റെ ഭാഗമായി സംസ്ഥാനത്ത് ആദ്യമായി 1999 മുതൽ ബാങ്കിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കി. 2013 മുതൽ കോർ ബാങ്കിംഗ് സംവിധാനം നിലവിൽ വന്നു. ജില്ല ബാങ്കുമായി സഹകരിച്ച് റു പേ കാർഡ് ഉപയോഗിക്കാവുന്ന ഓൾ ഇന്ത്യ നെറ്റ് വർക്കിൽ പ്രവർത്തിക്കുന്ന രണ്ട് എ.ടി.എം സ്ഥാപിച്ചിട്ടുണ്ട്. ജില്ല ബാങ്കിനു പുറമെ പ്രമുഖ ദേശസാൽകൃത-സ്വകാര്യ വാണിജ്യ ബാങ്കുകളിലേയ്ക്ക് വ്യാപാര ഇടപാടുകൾ നടത്താൻ സൗകര്യമുണ്ട്. സംസ്ഥാനത്ത് ആദ്യമായി സഹകരണ ബാങ്കുകളിൽ ഡിമാന്റ് ഡ്രാഫ്റ്റ് സംവിധാനം നടപ്പിലാക്കിയത് ഇവിടെയാണ്. വനിത ഗ്രൂപ്പു വഴി ഒരംഗത്തിന് ഒരു ലക്ഷം രൂപ വരെ അനുവദിക്കുന്ന മൈക്രോ ഫിനാൻസ് വായ്പ പദ്ധതി സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കിയത് പാപ്പിനിവട്ടം സർവ്വീസ് സഹകരണ ബാങ്കാണ്.

അനെർട്ടിന്റെ നേതൃത്വത്തിൽ സംസ്ഥാന ഊർജ്ജ വകുപ്പ് നടപ്പാക്കിയിട്ടുള്ള ഊർജ്ജ മിത്ര അക്ഷയ ഊർജ്ജ സേവന കേന്ദ്രത്തിന്റെ കൈപമംഗലം നിയോജക മണ്ഡലത്തിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് പാപ്പിനിവട്ടം ബാങ്കാണ്. സോളാർ, സോളാർ ലിങ്ക്ഡ് ഉപകരണങ്ങളുടെ വില്പനയും വില്പനാനന്തര സേവനങ്ങളും നടത്തി വരുന്നു. സ്ഥാപനങ്ങളിലും വീടുകളിലും ഓൺഗ്രിഡ് ഓഫ് ഗ്രിഡ് സൗരോർജ്ജ പ്ലാന്റുകളും സ്ഥാപിച്ചു കൊടുക്കുന്നുണ്ട്. കാർഷിക മേഖലയായ പ്രദേശത്തെ കർഷകരെ സഹായിക്കുന്നതിനും ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനും നിരവധി പ്രവർത്തനങ്ങൾ ചെയ്യുന്ന, ബാങ്കിനു കീഴിൽ പ്രവർത്തിക്കുന്ന പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് ആന്റ് ബയോ ലാബിൽ പച്ചക്കറി വിത്തുകൾ, തൈകൾ, ഫലവൃക്ഷതൈകൾ, ജൈവവളങ്ങൾ, ജൈവ കീടനാശിനികൾ, കായീച്ച കെണികൾ, ഗ്രോബാഗ്, ബയോ ബിൻ, ബയോഗ്യാസ് പ്ലാന്റ് എന്നിവയെല്ലാം വിതരണം ചെയ്യുന്നു. ഇവിടെ മണ്ണ്-ജല പരിശോധനയ്ക്കുള്ള ലാബും ഒരുക്കിയിട്ടുണ്ട്. വിള പരിപാലനവുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് വിദഗ്ധരുടെ സേവനവും ലഭ്യമാണ്. ഇതിനായി ഒരു വാട്ട്സ് ആപ്പ് ഗ്രൂപ്പും ഉണ്ട് .ആധുനിക കാർഷിക ഉപകരണങ്ങളുടെ വില്പനയോടൊപ്പം ഉപകരണങ്ങൾ വാടകയ്ക്ക് നൽകുന്ന അഗ്രോ സർവ്വീസ് സെന്ററും ഉണ്ട്. ബാങ്കിന്റെ കുളിമുട്ടം ബ്രാഞ്ചിൽ ഔഷധസസ്യ ഉദ്യാനവും ഒരുക്കിയിട്ടുണ്ട്. കാർഷിക വിജ്ഞാന വ്യാപനത്തിന് 'ഋതു' എന്ന പേരിൽ ഒരു വിള നിരീക്ഷണപത്രികയും പ്രസിദ്ധീകരിക്കുന്നുണ്ട്. ■



ഡോ. ബൈജു നെടുങ്കേരി

അഞ്ച് ഏകയന്ത്ര സംരംഭങ്ങൾ

2022 സംരംഭകത്വ വർഷമായി ആചരിച്ചുകൊണ്ട് 1 ലക്ഷം സംരംഭങ്ങൾ എന്ന വലിയ ലക്ഷ്യമാണ് കേരളസർക്കാർ മുന്നോട്ട് വയ്ക്കുന്നത് . കാർഷിക - ഭക്ഷ്യസംസ്കരണ - ചെറുകിട - ഇടത്തരം വ്യവസായങ്ങക്ക് ഊന്നൽ നൽകികൊണ്ട് പുതിയൊരു സംരഭകത്വ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള ശ്രമമാണ് പൊതുവിൽ രൂപപ്പെട്ടുവരുന്നത്. എന്റെ സംരഭം നാടിന് അഭിമാനം എന്ന പ്രചരണ തന്ത്രം വഴി സംഭരംഭകത്വ സൗകൃത സാമൂഹിക നിലപാടുകൾ രൂപപ്പെടുത്താനും ഗവൺമെന്റ് ശ്രമിക്കുന്നു. ഉത്തരവാദിത്വ നിക്ഷേപം, ഉത്തരവാദിത്വ വ്യവസായം ഒരു നയമായി രൂപപെടുമ്പോൾ ആഗോളതലത്തിൽ തന്നെ ശ്രദ്ധിക്കപ്പെടുന്ന സംരംഭകത്വ ഹബ്ബായി വരുന്ന വർഷങ്ങളിൽ കേരളത്തെ മാറ്റിയെടുക്കാൻ കഴിയും. വകുപ്പുകളുടെ ഏകോപനം വഴി സംരഭകത്വത്തിലേക്കുള്ള നടപടിക്രമങ്ങൾ സുഗമമാക്കാനും ഇടപെടലുണ്ടാകും.

കാർഷിക മൂല്യവർദ്ധനവ് - ചെറുകിടവ്യവസായ രംഗത്ത് ഏകയന്ത്ര സംരംഭങ്ങൾക്ക് വലിയ പ്രസക്തിയുണ്ട്. വീടുകളിൽ കുറഞ്ഞ മുതൽമുടക്കിൽ വ്യവസായങ്ങൾ ആരംഭിക്കാൻ സംരംഭകരെ പ്രാപ്തമാകുന്ന 5 യന്ത്രങ്ങളെയും അവ ഉപയോഗിച്ചുള്ള വ്യവസായത്തെയുമാണ് ഈ ലക്കത്തിൽ പരിചയപ്പെടുന്നത്.

1)എയർ ഫ്രെഷ്നർ – കർപ്പൂരം– നാഫ്താലിൻബോൾ നിർമ്മാണയന്ത്രം

കേരളത്തിൽ ധാരാളമായി വിപണിയുള്ളതും അന്യ സംസ്ഥാനങ്ങളിൽ നിർമ്മിച്ച് കേരളത്തിലെത്തുന്നതുമായ ഉൽപന്നങ്ങളാണ് എയർ ഫ്രെഷ്ന

കേരളത്തിൽ ധാരാളമായി വിപണിയുള്ളതും അന്യ സംസ്ഥാനങ്ങളിൽ നിർമ്മിച്ച് കേരളത്തിലെത്തുന്നതുമായ ഉൽപന്നങ്ങളാണ് എയർ ഫ്രെഷ്നർ–കർപ്പൂരം–നാഫ്താലിൻബോൾ. എയർ ഫ്രെഷ്നർ കേക്ക് നിർമ്മാണയന്ത്രം വാങ്ങി വീട്ടിൽ സ്ഥാപിച്ച് ഈ ഉല്പന്നങ്ങൾ എല്ലാം നിർമ്മിക്കാൻ കഴിയും.



-

ർ-കർപ്പൂരം-നാഫ്താലിൻബോൾ. എയർ ഫ്രെഷ്നർ കേക്ക് നിർമ്മാണയന്ത്രം വാങ്ങി വീട്ടിൽ സ്ഥാപിച്ച് ഈ ഉല്പന്നങ്ങൾ എല്ലാം നിർമ്മിക്കാൻ കഴിയും. എയർ ഫ്രെഷ്നർ കേക്കിനൊപ്പം അച്ചുകൾ മാറ്റി ഉപയോഗിച്ച് കർപ്പൂരവും നാഫ്താലിൻബോളും നിർമ്മിക്കാം. പാരാ-ഡി-ക്ലോറാബൻസീൻ, കർപ്പൂര പൗഡർ, നാഫ്താലിൻ പൗഡർ, ജലാറ്റിൻ പേപ്പർ, കളർ, പെർഫ്യൂം എന്നിവയാണ് അസംസ്കൃത വസ്തുകൾ, കേരളത്തിൽ ലഭ്യമാണ്.

കപ്പാസിറ്റി

എയർ ഫ്രെഷ്നർ–120 kg/hr

കർപ്പൂരം–6 kg/hr

നാഫ്താലിൻബോൾ–25 kg/hr

സാധ്യതകൾ

1. എയർ ഫ്രെഷ്നർ-കർപ്പൂരം-നാഫ്താലിൻബോൾ എന്നിവയ്ക്ക് കേരളത്തിൽ നിർമ്മാതാക്കൾ വിരളമാണ്.
2. എയർ ഫ്രെഷ്നറും-നാഫ്താലിൻബോളും ബാത്ത് റൂമുകളിലും വാഷ് ബെയസനിലും, ടോയ്ലറ്റിലും ഉപയോഗിക്കുന്നു .
3. കേരളത്തിൽ വലിയ വിപണി നിലനിൽക്കുന്നു.
4. മനുഷ്യാധ്വാനം തുലോം കുറവ്.
5. ഗാർഹിക സംരംഭമായും ആരംഭികാം.
6. ക്ഷേത്രങ്ങൾ തുറന്നതോടെ കർപ്പൂരത്തിന്റെ വിപണിയും വർദ്ധിച്ചു വരുന്നു.

കണക്ഷൻ ലോഡ്

3 HP മോട്ടോർ

1 മണിക്കൂർ പ്രവർത്തിക്കുംബോൾ 2 യൂണിറ്റ് വൈദ്യുതിയാണ് ചിലവ്.

കർപ്പൂരയന്ത്രം –0.5 HP മോട്ടോർ

വില

മൂന്ന് ഉല്പന്നങ്ങളും നിർമ്മിക്കുന്ന യന്ത്രത്തിന് 2,65,000 / രൂപയാണ് വില.കർപ്പൂരം മാത്രം നിർമ്മിക്കുന്ന യന്ത്രത്തിന് 85,000/ രൂപയാണ് വില ((ടാക്സ് പുറമെ).

2)സ്റ്റീൽ സ്ക്രബർ നിർമ്മാണം

അടുക്കളകളിൽ പാത്രങ്ങൾ വൃത്തിയാക്കുന്നതിന് സ്റ്റീൽ സ്ക്രബറുകൾ ധാരാളമായി ഉപയോഗിച്ച് വരുന്നു. ടി ഉല്പന്നം മുഴുവനായും അന്യസംസ്ഥാനത്ത് ഉല്പാദിപ്പിച്ച് കേരളത്തിലേക്ക് എത്തുന്നവയാണ്. ബ്രാൻഡിന് വലിയ പ്രസക്തിയില്ലാത്ത ഉല്പന്നമായതിനാൽ ചെറുകിട സംരംഭമായി ആരംഭിച്ച് വിപണി പിടിക്കാൻ സാധിക്കും. സ്റ്റീൽ വയറുകളിൽ നിന്നാണ് സ്റ്റീൽ സ്ക്രബറുകൾ നിർമ്മിക്കുന്നത്. സ്റ്റീൽ വയറുകളെ ഗ്രൈൻഡ് ചെയ്ത് 10 g , 12 g , 15 g വീതമുള്ള സ്ക്രബറുകളാക്കി മാറ്റുന്നതിന് സ്റ്റീൽ സ്ക്രബർ നിർമ്മാണ യന്ത്രം ഉപയോഗിച്ചാണ്. സ്റ്റീൽ സ്ക്രബറുകൾ കിലോക്കണക്കിന് റീപാക്കിങ് യൂണിറ്റുകൾ നൽകുന്നതിനൊപ്പം സ്വന്തമായി ഒരു ബ്രാൻഡിൽ ബ്ലിസ്റ്റർ പായ്കിംഗ് ന

ടത്തി വിപണിയിൽ എത്തിക്കുന്നതിന് സാധിക്കും. ഒരേ സമയം 5 സ്റ്റീൽ സ്ക്രബറുകൾ നിർമ്മിക്കാൻ ശേഷിയുള്ളതാണ് ടി യന്ത്രം. സ്റ്റീൽ വയറുകൾ_ ഫീഡ് ചെയ്തു കഴിഞ്ഞാൽ തനിയെ പ്രവർത്തനം നടക്കും. തുടർന്ന് 1 കിലോ വീതം സ്ക്രബുകൾ പായ്ക്കറ്റിൽ നിറച്ചെടുക്കും.

സാധ്യത

1. സംസ്ഥാനത്ത് ഉപഭോക്താക്കൾ ധാരാളമുണ്ടെങ്കിലും ഉല്പാദകരില്ല.
2. അസംസ്കൃത വസ്തുവായ സ്റ്റീൽ വയർ സുഗമമായി ലഭിക്കും.
3. ബ്രാൻഡിന് പ്രസക്തിയില്ല.
4. കുറച്ച് നാളത്തെ ഉപയോഗത്തിന് ശേഷം ഉപഭോക്താക്കൾ പുതിയത് വാങ്ങുന്നതിനാൽ തുടർ വിൽപനയ്ക്ക് സാധ്യത.

വൈദ്യുതി

3 HP മോട്ടോർ യന്ത്രത്തിൽ ഉപയോഗിച്ചിരിക്കുന്നു .

കപ്പാസിറ്റി

1 മണിക്കൂറിൽ 8 കിലോ വരെ ഉല്പാദനശേഷി.

വില

360000 രൂപ മുതൽ മുകളിലേക്കാണ് വില

3)പായ്ക്കിംഗ് ടേപ്പ് നിർമ്മാണ യന്ത്രം

വ്യവസായ ശാലകളിലും ഓഫീസുകളിലും വീടുകളിലും വിവിധ അളവുകളിലുള്ള പായ്ക്കിംഗ് ടേപ്പുകളുപയോഗിച്ചിരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നാണ് ടേപ്പുകൾ ഭൂരിഭാഗവും എത്തുന്നത്. കേരളത്തിൽ ആരംഭിക്കാൻ കഴിഞ്ഞാൽ വലിയ വിൽപന നേടാൻ കഴിയുന്ന ഉല്പന്നമാണ് പായ്ക്കിംഗ് ടേപ്പ്. ടേപ്പ് സ്ലിറ്റിങ് മിഷ്യനും. ചെറിയ പേപ്പർ കോർ കട്ടറും ആവശ്യമായ യന്ത്രങ്ങൾ. 28 cm വീതിയുള്ളതും 1000 മീറ്റർ നീളമുള്ളതുമായ ജംബോ റോളുകൾ വാങ്ങി ടേപ്പുകൾ നിർമ്മിക്കാം. പേപ്പർ ട്യൂബുകളെ ആവശ്യമായ വീതിയിൽ കോർ കട്ടർ ഉപയോഗിച്ച് മുറിച്ചെടുത്ത് ടേപ്പുകൾ നിശ്ചിത നീളത്തിൽ കോറിൽ ചുറ്റിയെടുത്തതാണ് പായ്ക്കിംഗ് ടേപ്പ് നിർമ്മിക്കുന്നത്. സെലോടേപ്പും പാക്കിങ് ടേപ്പും ഈ രീതിയിൽ നിർമ്മിക്കാൻ കഴിയും. വീടുകളിൽ തന്നെ ആരംഭിക്കാൻ കഴിയും. മുൻനിര കമ്പനികൾക്ക് വിതരണം നടത്തുമ്പോൾ ബ്രാൻഡ് ലോഗോ പ്രിന്റ് ചെയ്ത് നൽകേണ്ടി വരും. ജംബോ റോൾ ഓർഡർ ചെയുമ്പോൾ തന്നെ ബ്രാൻഡ് പ്രിന്റിംഗ് സാധ്യമാക്കാം. വിതരണക്കാർ വഴിയും വിൽപന സുഗമമാക്കാം.

സാധ്യത

1. കേരളത്തിലെ വ്യവസായ സ്ഥാപനങ്ങൾക്കും പാഴ്സൽ ഡെലിവർ കമ്പനികൾക്കും നേരിട്ട് സപ്ലൈ നടത്താം
2. വീടുകളിൽ ആരംഭിക്കാം.
3. അസംസ്കൃത വസ്തുക്കൾ സുലഭമായി ലഭ്യമാണ്.

കണക്റ്റഡ് ലോഡ് 1 HP മോട്ടർ

കപ്പാസിറ്റി

3000 എണ്ണം വരെ നിർമ്മിക്കാം.

അസംസ്കൃത വസ്തുക്കൾ

ബയാക്സിയലി ഓറിയെന്റഡ് പോളിപ്രൊപ്പലീൻ, പേപ്പർ കോർ

മിഷ്യനുകളുടെ വില 1,80,000

4) ഗ്രാമിക ഇലട്രിക് കൊപ്ര ഡ്രയർ

കേരളത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ധാരാളം ചെറുകിട വെളിച്ചെണ്ണ മില്ലുകളും ചക്കി ലാട്ടിയ വെളിച്ചെണ്ണ യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്. ടി സംരംഭകർ മായം ചേർക്കാത്ത ഗുണമേന്മയുള്ള വെളിച്ചെണ്ണ നേരിട്ട് ഉപഭോക്താക്കൾക്ക് എത്തിക്കുന്ന തരത്തിലാണ് വിപണനം നടത്തുന്നത്. സംരംഭകർ നേരിടുന്ന പ്രധാന പ്രതിസന്ധി സൾഫർ ചേർക്കാത്ത ഗുണമേന്മയുള്ള കൊപ്രയുടെ ലഭ്യതകുറവാണ്. മനുഷ്യാധ്വാനം ലഘൂകരിച്ച് ഗുണമേന്മയുള്ള കൊപ്ര നിർമ്മിക്കുന്നതിനു നവീകരിച്ച ഗ്രാമിക ഇലട്രിക് കൊപ്ര ഡ്രയർ ഉപയോഗപ്പെടുത്താം.

കപ്പാസിറ്റി

800, 1500, 3000 നാളികേരം ഉണക്കിയെടുക്കുന്ന തിനുള്ള വിവിധ മോഡലുകൾ ലഭ്യമാണ് .

മേന്മകൾ

1) പൂർണമായും വൈദ്യുതിയിൽ പ്രവർത്തിക്കുന്നു.
2) വിറകും കത്തിക്കുന്നതിനുള്ള മനുഷ്യാധ്വാനവും ലാഭിക്കാം .
3) ചിരട്ട വിൽപന വഴി അധിക വരുമാനം .
4) കൊപ്രയുടെ കളറും ഗുണമേന്മയും നിലനിർത്തുന്നു.
5) താപസംരക്ഷക സംവിധാനങ്ങളും താപ നിയന്ത്രണ സംവിധാനങ്ങളും .

ഓട്ടോമാറ്റിക് ആയി പ്രവർത്തിക്കുന്നതിനാൽ കുറഞ്ഞ വൈദ്യുതി ചിലവ് .

ഉൽപാദന സമയം

18 മണിക്കൂറിനുള്ളിൽ ഒരു ലോട് കൊപ്ര ഉണക്കിയെടുക്കാം.

വൈദ്യുതി ചിലവ്

GCD 800 നാളികേരം പൂർണമായി ഉണക്കിയെടുക്കുന്നതിന് 350 മുതൽ 400 രൂപ വരെയാണ് വൈദ്യുതി ചിലവ്.

GCD 1500 നാളികേരം പൂർണമായി ഉണക്കിയെടുക്കുന്നതിന് 800 മുതൽ 900 രൂപ വരെയാണ് വൈദ്യുതി ചിലവ്.

GCD 3000 നാളികേരം പൂർണമായി ഉണക്കിയെടുക്കുന്നതിന് 1700 മുതൽ 2000 രൂപ വരെയാണ് വൈദ്യുതി ചിലവ്.

വില

GCD 800 നാളികേരം ->1,60,000

GCD 1500 നാളികേരം ->3,00,000

GCD 3000 നാളികേരം ->4,50,000

(ടാക്സ് പുറമെ)

5) ഡ്രൈ ഫ്രൂട്ട് സ് നിർമ്മാണം ഫ്രൂട്ട് ഡ്രയർ

ഉണങ്ങിയ പഴങ്ങൾക്ക് കേരളത്തിൽ വിപണി വർധിച്ചു വരുകയാണ്, ബനാനാ ഫിഗ്, പൈനാപ്പിൾ ക്യാൻഡി, കോക്കനട്ട് ചിപ്സ്, ട്യൂട്ടി ഫ്രൂട്ടി, ചക്ക ഉണങ്ങിയത്, പാവയ്ക്ക കൊണ്ടാട്ടം, കാരറ്റ് ഉണങ്ങിയത് തുടങ്ങി നമ്മുടെ നാട്ടിലെ കാർഷിക വിളകളെ ഉണങ്ങി മാർക്കറ്റ് ചെയ്യുന്നതിന് സഹായിക്കുന്ന യന്ത്രമാണ് ഫ്രൂട്ട് ഡ്രയർ. സീസൺ അനുസരിച്ച് വിലകുറയുന്ന വിളകൾ വാങ്ങിയാണ് ഉണങ്ങി സൂക്ഷിക്കുന്നത്. ഫ്രൂട്ട് ഡ്രയറിൽ ഉണങ്ങിയെടുക്കുന്ന പഴങ്ങൾ ഈർപ്പം തട്ടാത്ത പായ്ക്കറ്റുകളിലാക്കിയാൽ 1 വർഷം വരെ കേടുകൂടാതെ സൂക്ഷിക്കാം.നേരിട്ട് ഉപ യോഗിക്കുന്നത് കൂടാതെ ബിരിയാണി, കേക്ക്

ഫ്രൂട്ട് ഡ്രയറിൽ ഉണങ്ങിയെടുക്കുന്ന പഴങ്ങൾ ഈർപ്പം തട്ടാത്ത പായ്ക്കറ്റുകളിലാക്കിയാൽ 1 വർഷം വരെ കേടുകൂടാതെ സൂക്ഷിക്കാം.നേരിട്ട് ഉപയോഗിക്കുന്നത് കൂടാതെ ബിരിയാണി, കേക്ക് നിർമ്മാണം, വിവിധ സലാഡുകൾ, യോഗർട്ട്, ഐസ്ക്രീമുകളില്ലെല്ലാം ഉണങ്ങിയ പഴങ്ങൾ ഉപയോഗിക്കുന്നുണ്ട്.

നിർമ്മാണം, വിവിധ സലാഡുകൾ, യോഗർട്ട്, ഐസ്ക്രീമുകളില്ലെല്ലാം ഉണങ്ങിയ പഴങ്ങൾ ഉപയോഗിക്കുന്നുണ്ട്. പഴങ്ങളെ സ്ലൈസ് ചെയ്ത് ബ്ലീച്ചിംഗ് നടത്തി ഓസ്മോ ഡീഹൈഡ്രേഷന് വിധേയമാക്കി ഡ്രയറിൽ ഉണങ്ങിയെടുക്കുകയാണ് ചെയ്യുന്നത്. വിവിധങ്ങളായ 10 ൽ അധികം ഉൽപന്നങ്ങൾ ഈ ഒരു ഡ്രയറിൽ ഉപയോഗിച്ച് നിർമ്മിക്കാം.താപ നിയന്ത്രണ സംവിധാനങ്ങളോട് കൂടി താപനഷ്ടം തടയുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള ഡ്രയറുകളാണിവ. വൈദ്യുതി ചിലവ് നിയന്ത്രിക്കാനും ഉല്പന്നത്തിന്റെ ഗുണമേന്മ നിലനിർത്തുന്നതിനും ഇതുവഴി സാധിക്കും. 304 സ്റ്റെയിൻലെസ് സ്റ്റീലിലാണ് ട്രെകൾ നിർമ്മിച്ചിട്ടുള്ളത്.

ഈർപ്പം പുറത്ത് പോകുന്നതിനുള്ള ക്രമീകരണങ്ങളും ഒരുക്കിയിട്ടുണ്ട്. വീടുകളിൽ ചെറിയ ഡ്രയറുകൾ സ്ഥാപിച്ചും,വ്യവസായ യൂണിറ്റുകളിൽ വലിയ ഡ്രയറുകൾ സ്ഥാപിച്ചും ഉല്പാദനം നടത്താം. ഡ്രയറിൽ ലോഡ് ചെയ്യുന്ന പഴത്തിന്റെ 27% മുതൽ 30% വരെയായിരിക്കും ഡ്രൈ ഫ്രൂട്ട് ലഭിക്കുക. തദ്ദേശീയ മാർക്കറ്റിനൊപ്പം വടക്കൻ ഇന്ത്യൻ സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും വിപണിയുണ്ട്.

സാധ്യതകൾ

1. കാർഷിക വിളകളുടെ ലഭ്യത.
2. തദ്ദേശീയമായ യന്ത്രങ്ങളും സാങ്കേതിക വിദ്യയും.
3. വിപണി മത്സരം കുറവ്.
4. ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കാം.

ഇലക്ട്രിസിറ്റി

2000 വാട്സ് മുതൽ മുകളിലേക്ക് വിവിധ കണക്റ്റഡ് ലോഡുകളിൽ ലഭ്യമാണ്.

കപ്പാസിറ്റി

75 cm X 60 cm അളവുകളിലുള്ള ട്രേകളിൽ 5 കിലോ പഴങ്ങളാണ് നിറയ്ക്കാൻ കഴിയുക. 20 ട്രേയുള്ള ഡ്രയറിൽ 100 കിലോ പഴങ്ങൾ നിറച്ച് ഉണങ്ങാൻ സാധിക്കും.

സമയം

പഴങ്ങൾ അരിയുന്നതിന്റെ കനം അനുസരിച്ചും പഴങ്ങളിലെ ജലാംശത്തിന്റെ തോത് അനുസരിച്ചും ഉണങ്ങുന്നതിനുള്ള സമയം 7 മുതൽ 16 മണിക്കൂർ വരെ നീണ്ടുനിൽക്കാം.

വൈദ്യുതി

20 ട്രേകളുള്ള ഡ്രയറിന് 3500 വാട്സ് ആണ് കണക്റ്റഡ് ലോഡ്.

വില

ഗുണമേന്മയുള്ള ഡ്രയർ 2 ലക്ഷം രൂപ മുതൽ ലഭ്യമാണ്. ■

ബഹുനില വ്യവസായ സമുച്ചയം തുറന്നു

ആലപ്പുഴയിൽ പുതുതായി പതിനായിരത്തോളം സംരംഭങ്ങൾ ആരംഭിക്കും-മന്ത്രി പി. രാജീവ്

ഈ വർഷം കേരളത്തിൽ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴയിൽ 9,666 സംരംഭങ്ങൾക്ക് തുടക്കം കുറിക്കുമെന്ന് വ്യവസായ മന്ത്രി പി. രാജീവ് പറഞ്ഞു. പുന്നപ്ര വ്യവസായ എസ്റ്റേറ്റിൽ നിർമിച്ച ബഹുനില വ്യവസായ സമുച്ചയത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. വിവിധോദ്ദേശ്യ വ്യാപാര

പ്രോത്സാഹന കേന്ദ്രത്തിൻറെയും ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിൻറെയും നിർമ്മാണോദ്ഘാടനവും മന്ത്രി നിർവഹിച്ചു.

പൊതുമേഖലയിൽ ഒരുപാട് മാറ്റങ്ങൾ വരികയാണ്. ജോലി തേടി ഓഫീസുകൾ കയറിറങ്ങുന്ന സ്ഥിതി മാറി ഉദ്യോഗാർഥികളെയും സംരംഭകരെയും സർക്കാർ തേടിയെത്തുകയാണ്. വ്യവസായ പാർക്കുകളുടെ മുഖം മാറ്റാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ജില്ലയിൽ വ്യവസായ സംരംഭങ്ങൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിലാണ് ബഹുനില വ്യവസായ എസ്റ്റേറ്റ് എന്ന ആശയത്തിൽ സമുച്ചയം നിർമിച്ചത്. പ്രാരംഭ ഘട്ടത്തിൽ 15 കോടി രൂപയുടെ നിക്ഷേപവും 750 പേർക്ക് തൊഴിലവസരവും സൃഷ്ടിക്കാൻ വ്യവസായ സമുച്ചയത്തിലെ പുതു സംരംഭങ്ങൾക്ക് കഴിയുമെന്നാണ് കണക്കാക്കപ്പെടുന്നത്.

ലോകത്തിൽ തന്നെ ഏറ്റവും കൂടുതൽ വിദ്യാസമ്പന്നരായ വീട്ടമ്മമാരുള്ള നാട് കേരളമാണ്. ഓരോ സ്ഥലത്തും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കണമെന്നും മന്ത്രി പറഞ്ഞു.

വ്യവസായ സമുച്ചയ അങ്കണത്തിൽ നടന്ന ചടങ്ങിൽ എച്ച്. സലാം എം.എൽ.എ അധ്യക്ഷത വഹിച്ചു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് മുഖ്യപ്രഭാഷണം നടത്തി.

വ്യവസായ വകുപ്പ് അഡീഷണൽ ഡയറക്ടർ കെ. സുധീർ, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് അഡ്വ. ഷീബ രാകേഷ്, പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സജിതാ സതീശൻ, ഗ്രാമപഞ്ചായത്ത് അംഗം വിശാഖ് വിജയൻ, കിറ്റ്കോ മാനേജിംഗ് ഡയറക്ടർ ഡബ്ലിയു.ആർ. ഹരിനാരായണ രാജ്, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ സി.ഒ രഞ്ജിത്ത്, ജില്ലാ വ്യവസായ കേന്ദ്രം മാനേജർ എം. പ്രവീൺ, കെ.എസ്.എസ്.ഐ.എ ആലപ്പുഴ പ്രസിഡന്റ് വി.കെ ഹരിലാൽ, വാടയ്ക്കൽ ഇൻഡസ്ട്രിയൽ അസോസിയേഷൻ പ്രസിഡന്റ് പി.വി രാജ്കുമാർ തുടങ്ങിയവർ പങ്കെടുത്തു. ■

Volume 54 Issue 9
June 2022

Vyavasaya Keralam
MONTHLY

₹30
Date of publication-
2nd June 2022

SSK POLYMERS

MANUFACTURING OF LDPE GRANULES, GROW BAG & NURSERY BAGS

ABOUT US

We SSK Polymers is a leading manufacturer, wholesaler and traders of recycling LDPE Granules and polythene films granules, transparent LDPE granules, pearl and metallic LDPE granules, optical brightener LDPE granules, PP LDPE granules, colour pigments, polyethylene wax, marble finish LDPE. The offered range is formulated using asuperior basic material in accordance with the set quality norms and stands.

OUR VISION

To solve the problem of uneconomical combustion of plastic scrap, waste tyre and municipal solid waste we will strive hard to innovate eco-friendly efficient and reliable recycling technology.

OUR MISSION

Providing innovative, economical, efficient, reliable, eco-friendly and advanced recycling technology to the world along with spreading awareness about its environmental and economical benefits.

OUR PRODUCTS

Recycled LDPE Granules
MILKY, BLACK NATURAL YELLOW BLUE AND OTHER REQUIRED COLOURS AVAILBALE
Recycled PPE Granules
MILKY, BLACK NATURAL YELLOW BLUE AND OTHER REQUIRED COLOURS AVAILBALE
Nursery Bag
Grow Bag
Garbage Bags
Polythene Mulch Film

FACTORY IN A NUTSHELL

Washing Unit
RP Unit
Two Layered Film Extruder Machine
Cutting Sealing Machine
Printing Machine

SSK POLYMERS
XXI/728, NOCHIMA NAD PO ALUVA 683 563
ERNAKULAM DIST., KERALA INDIA
0484 2837833. +91 9400445304
INFO@SSKPOLYMERS.COM

Printed and Published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Ph.0471 2471174.

Editor : Baiju R.S.